# CHURCH WEEKLY

## April 2023



Church of the Resurrection (Rome)

*An Ecumenical Publication from*

THE ALWAYE FELLOWSHIP HOUSE

# Church Weekly

Vol. 78
Issue 4
April 2023




Sri K.C. Chacko
*Founder of the Church Weekly*
*(1946)*


*An Ecumenical Publication from*
**THE ALWAYE FELLOWSHIP HOUSE**

*77th Year of Publication*

FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946



**EDITORIAL BOARD**

KURUVILLA M. GEORGE IRS (Retd)
0484-2603260
(Chief Editor)
Prof. ABRAHAM MATHEW
Prof. M.T. SARAMMA
SANTHOSH OOMMEN
Dr. M.I. PUNNOOSE
Dr. ANNIE DAVID
GEORGE JOSEPH
Dr. GEORGE EIPE
Dr. VARGHESE JOHN

**ADVISOR**

K.V. MAMMEN

**CIRCULATION MANAGER**

K.O. ELIAS
0484-2606986, 9446718234



## CHURCH WEEKLY

C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

*E-mail : churchweeklyafh@gmail.com*
*fellowshiphse@gmail.com*
*Chief Editor : mgk.afh@gmail.com*
**Website**
*www.alwayefellowshiphouse.com*


**SUBSCRIPTION RATES**

| | | |
|---|---|---|
| | Inside India | |
| Single Issue | ₹ | 15.00 |
| Annual | ₹ | 150.00 |
| 10 years | ₹ | 1,500.00 |
| Life (Patron) | ₹ | 10,000.00 |
| | Outside India | |
| Annual | USD 10 | |
| 10 years | USD 100 | |
| Life (Patron) | USD 1,000 | |

**Bank of India - UC College Branch**
A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs 1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager*


**DISCLAIMER**
The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly


*Read... Subscribe... Recommend...*



## മഹദ്വചനം

*"Let the resurrection joy
lift us from loneliness
and weakness and despair
to strength and beauty and happiness."*

*— Floyd W. Tomkins*

## ഈ ലക്കത്തിൽ


| | | | |
|---|---|---|---|
| 4 | *Fellowship News* | | |
| 5 | *മുഖമൊഴി* | **ചൂഷണപർവ്വം** | |
| 7 | *70 years ago* | **Meditations on the Face of Jesus The Face of Death** | *Fr. Laurence S. Jackson* |
| 9 | *ധ്യാനപീഠം* | **നമ്മുടെ പ്രത്യാശ** | *A Believer* |
| 11 | *ചിന്താശകലം* | **നഷ്ടമാകുന്ന വിരുന്നുമേശകൾ** | *Zakharia Jacob* |
| 13 | *Ecospot* | **നാം പ്രകൃതിയുടെ സംരക്ഷകരോ?** | *Rev. Dr. M.J. Joseph, Kottayam* |
| 15 | *കൽപടവുകൾ - 28* | **ഏശാവുമായുള്ള കൂടിക്കാഴ്ച** | *Fr. Johny George Cor-Episcopa* |
| 17 | *യുവലോകം - 88* | **സ്വയം തിരിച്ചറിയുക** | *Fr. Dr. Thomson Roby* |
| 19 | *വീക്ഷണം* | **കാൽകഴുകൽ ശുശ്രൂഷ ജനങ്ങളിലേക്കെത്തിച്ചേരണം** | *Fr. C.A. Issac* |
| 23 | *Life Style* | **Humility - Feigned or Real?** | *Dr. Annie David* |
| 25 | *Reflections* | **Women and the Importance of Health** | *Leela Kuruvilla* |
| 27 | *Gleanings* | **Doubting and Believing** | *Elizabeth Mathai* |
| 29 | *Meditation* | **Holy Qurbana** | *Sabu George Kadammanitta* |
| 33 | *Editor's Note* | **Kingdom of God** | |
| 35 | *Last Page* | **Why Only A Donkey?** | *M.G. Kuruvilla* |

## Prayerful Condolences



### Arch Bishop Emeritus Mar Joseph Powathil (92)

The Fellowship House along with the ecumenical world mourns the departure of Powathil Thirumeni, former Arch Bishop of the Changanassery Arch Diocese of the Roman Catholic Church, who left for his heavenly abode on 18th March 2023.

## Mid-lent Meditation on Saturday 11.03.23



Rev. Dr. Jacob Thomas, former faculty member at Union Biblical Seminary, Pune leading the Retreat. Secretary Kuruvilla M. George Presided.

## Easter Eve Prayers on Saturday 08.04.23



Rev. Biju K. George, Vicar, St. Thomas Marthoma Church, Kalamassery, leading the service. Secretary Kuruvilla M. George Presided.

## Musical Evening on Saturday 18.03.23



Sri. Joseph Thoppil (Nadam Musicals, Aluva) performing at the Fellowship House accompanied by Sri. Steffin and Sri. Jithu Chandramohan.

• മുഖമൊഴി •

# ചൂഷണപർവ്വം

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യം പുതിയ സാമ്പത്തികവർഷത്തിലേക്കു കാൽവയ്ക്കുമ്പോൾ നിരാശാജനകമായ വാക്കുകൾ എഴുതണമെന്നാഗ്രഹിച്ചില്ല. പക്ഷേ നമ്മുടെ നേതാക്കളെപ്പോലെ സത്യം മറച്ചുവയ്ക്കുന്നത് കള്ളം പറയുന്നതിനു തുല്യമായതുകൊണ്ടും ഇനി എത്ര നാൾ സത്യം തുറന്നെഴുതാൻ ഈ നാട്ടിൽ സ്വാതന്ത്ര്യം ലഭിക്കുമെന്നുറപ്പില്ലാത്തതുകൊണ്ടും അപ്രിയമായ സത്യങ്ങൾ എഴുതേണ്ടിവരുന്നു.

പുരോഗമനാത്മകമെന്നു സ്ഥാപിതതാൽപര്യക്കാർ അവകാശപ്പെടുന്ന കേന്ദ്രബജറ്റും സംസ്ഥാനബജറ്റും ഏപ്രിൽ 1 മുതൽ പ്രാബല്യത്തിലായിക്കഴിഞ്ഞു. പെട്രോളും ഡീസലും പാചകവാതകവും വാങ്ങുമ്പോൾ അതിന്റെ പൊള്ളൽ അനുഭവപ്പെടുന്നു. കെട്ടിടം പണിയുമ്പോഴും വസ്തു വാങ്ങുമ്പോഴും (വിൽക്കുമ്പോഴും) വാഹനം വാങ്ങുമ്പോഴുമെല്ലാം ബജറ്റിന്റെ ക്രൂരതയെപ്പറ്റി നാം കൂടുതൽ ബോധവാന്മാരാകുന്നു.

കേന്ദ്രബജറ്റിനെ സംബന്ധിച്ചിടത്തോളം നാളിതുവരെ സർക്കാരുകൾ നൽകിയിരുന്ന ഉറപ്പുകളും വാഗ്ദാനങ്ങളും എല്ലാം കാറ്റിൽ പറത്തി, എല്ലാ സൗജന്യങ്ങളും പിൻവലിക്കുന്ന കാഴ്ചയാണ് കാണുവാൻ സാധിക്കുന്നത്. ചില്ലറ ഔദാര്യങ്ങൾ നൽകാമെന്നു മോഹിപ്പിച്ച് നിർബന്ധിത സമ്പാദ്യങ്ങൾ ചെയ്യിച്ചിരുന്നിടത്താണ് ഈ വാഗ്ദാനലംഘനം. നികുതിഘടനയിൽ പോലും ഈ ഇരട്ടത്താപ്പിന്റെ നിഴലാട്ടം ഉണ്ട്.

സംസ്ഥാനബജറ്റ് അതിലും നിരാശാജനകം. തൊഴിലാളിയുടെ ഉന്നമനത്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന തെറ്റിദ്ധാരണ പരത്തി അധികാരത്തിൽ തുടരുന്ന ഇടതുപക്ഷം ഇത്ര മൃഗീയമായ ഒരു സാമ്പത്തിക സമീപനം സ്വീകരിക്കുമെന്ന് ആരും കരുതിയില്ല. നികുതിയുടെ കരാളഹസ്തങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും നീണ്ടുവരികയാണ്.

പ്രളയവും കൊറോണയും വന്നപ്പോൾ സാധാരണജനത്തിന്റെ വരുമാനമാർഗ്ഗങ്ങൾ അടഞ്ഞു. ചെറുകിട ബിസിനസ്സുകളെല്ലാം പൊളിഞ്ഞു. ഇന്ന് തൊഴിൽരംഗത്ത് ഭീകരമായ പിരിച്ചുവിടൽ നടന്നുകൊണ്ടിരിക്കുകയാണ്. എന്തു ചെയ്യണമെന്നറിയാതെ തൊഴിലാളികൾ, പ്രത്യേകിച്ച് യുവജനങ്ങൾ അന്തംവിട്ടു നിൽക്കുകയാണ്. അനേകർ ഈ നാട്ടിൽ നിന്നു പലായനം ചെയ്യുന്നു; പോകുന്നത് സ്വർഗ്ഗത്തിലേക്കല്ല എന്നറിഞ്ഞുകൊണ്ടുതന്നെയാണ് അവർ ഈ നരകം വിട്ടോടുന്നത്. “ദൈവത്തിന്റെ സ്വന്തം നാട്” എന്നെഴുതിവയ്ക്കുന്നത് ദൈവത്തിനു നിരക്കാത്ത കാലമാണ്. ഉള്ള വരുമാനത്തിന്റെ സ്രോതസ്സുകളൊന്നൊന്നായി അടഞ്ഞ് ജനം മരവിച്ചുനിൽക്കുമ്പോഴാണ് സർക്കാർ ധൂർത്തിനുവേണ്ടിയും ചില തിരഞ്ഞെടുക്കപ്പെട്ട ബിസിനസ്സുകാരുടെ മാത്രം വികസനത്തിനുവേണ്ടിയും നികുതികൾ വർദ്ധിപ്പിച്ചും ഔദാര്യങ്ങൾ വെട്ടിക്കുറച്ചും ജനങ്ങളെ ശ്വാസം മുട്ടിക്കുന്നത്.

ജനാധിപത്യത്തിന്റെ അർത്ഥം കാലഹരണപ്പെട്ടിരിക്കുന്നു; ഭൂരിപക്ഷം ജനങ്ങളുടെ മേൽ ഒരു ചെറിയ ന്യൂനപക്ഷമായ അധികാരിവർഗ്ഗത്തിന്റെ ആധിപത്യം എന്ന് അത് തിരുത്തി എഴുതപ്പെ

ട്ടിരിക്കുന്നു. ജനങ്ങൾക്കൊരു വിലയുമില്ല. പോലീസിലും നിയമവ്യവസ്ഥയിലും കോടതിക ളിൽപ്പോലും ജനങ്ങൾക്കു സുരക്ഷയില്ല. ഒരു 'അരിക്കൊമ്പനെ' സംരക്ഷിക്കുവാൻ വേണ്ടി നൂറു കണക്ക് നിരാലംബരായ ജനങ്ങളെ ബലി കൊടുക്കാൻ തക്കവണ്ണം സാമാന്യബുദ്ധിക്കു നിര ക്കാത്ത ഉത്തരവുകൾ ഇറക്കുന്നവരെ ഓർത്ത് ഈ നാട് ലജ്ജിക്കേണ്ടിയിരിക്കുന്നു. പശുവിനും പട്ടിക്കും ആനയ്ക്കും... സോറി... ഗോമാതാവിനും ശുനകമഹാപ്രഭുവിനും ഗജരാജനും സംര ക്ഷണം!!! ജനങ്ങൾക്ക് വഴിയാധാരം!!

രണ്ടായിരത്തിന്റെ ഒരു നോട്ടെടുക്കാനുണ്ടോ? ഇല്ലേ... എവിടെപ്പോയി? ആർക്കും അറിയില്ല... സംസ്ഥാന ഭരണം വിലയ്ക്കെടുക്കുവാൻ നൂറിന്റെയും ഇരുനൂറിന്റെയും നോട്ടുകൾക്കാവില്ല... "Compact Economy''... കഥ തീർന്നില്ല... പലിശ അര ശതമാനം കൂട്ടിക്കൂട്ടി നമ്മുടെ കൈയിലെ പണം ബാങ്കുകൾ മെല്ലെ കൈയിലാക്കുകയാണ്. ബാക്കിയുള്ള പണം കൂടി പിടിച്ചെടുക്കുവാൻ അനേക കമ്പനികളെയും കെട്ടഴിച്ചുവിട്ടിരിക്കുകയാണ്. ഒരു കാര്യം ഉറപ്പു പറയാം... മുതൽ തിരിച്ചുകിട്ടുന്ന കാര്യം സംശയമാണ്!! മാത്രമല്ല, നിത്യച്ചെലവിനുവേണ്ടി എ.ടി.എം-നു മുമ്പിൽ ഒരു കൗമാ നമസ്കരിച്ചു കാത്തുനിൽക്കുന്ന ദിവസങ്ങൾ വരുന്നു!! നോട്ടുനിരോധനത്തിന്റെ തനിയാവർത്തനം ഒരു വളവിനപ്പുറത്ത്!!!

സ്വർണ്ണത്തിന്റെ ഞെട്ടിക്കുന്ന വിലവർദ്ധന നാം കാണുന്നില്ലേ? വിവാഹങ്ങളിൽ നിന്ന് സ്വർണ്ണത്തെ പാടേ ഒഴിവാക്കാനുള്ള ആർജ്ജവം നമ്മുടെ യുവജനങ്ങൾക്കുണ്ടായെങ്കിൽ മാത്രമേ സ്വർണ്ണവില കുറയുകയുള്ളൂ. പെൺവീട്ടിൽ നിന്നും ചെലവിനു പണം വാങ്ങി കല്യാണം നട ത്തുന്ന യുവാക്കളെ തങ്ങൾക്കു വേണ്ട എന്നു പറയാനുള്ള ആർജ്ജവം നമ്മുടെ പെൺകുട്ടി കൾ കാണിക്കണം. ഒരു പക്ഷേ പ്രേമവിവാഹങ്ങൾ വർദ്ധിച്ചേക്കാം; എന്നാലും വിവാഹ കച്ചവ ടത്തിന് ഒരറുതി വന്നേ മതിയാകൂ. ആയിരക്കണക്കിനാളുകളെ വിളിച്ച് ഭക്ഷണം കൊടുക്കുന്ന നിരർത്ഥകമായ ധൂർത്തിനും അന്ത്യം കുറിക്കണം. ഒരു നേരത്തെ ഭക്ഷണത്തിനുപോലും വക യില്ലാത്ത സാധുക്കൾക്ക് എന്തെങ്കിലും കൊടുത്താൽ അതല്ലേ പുണ്യം?


പുതിയ തലമുറയുടെ വിദ്യാഭ്യാസത്തിനുവേണ്ടി പണം ചെലവാക്കുക; അതൊരു നിക്ഷേപ മാണ്. നമ്മുടെ ചരിത്രംതന്നെ ചുമതലപ്പെട്ടവർ മായം ചേർത്ത് വികലമാക്കിയിരിക്കുന്ന ഈ കാലത്ത് മാനുഷികമൂല്യങ്ങൾ പഠിപ്പിച്ച് വരുംതലമുറയെ നല്ല മനുഷ്യരാക്കുവാൻ നമുക്ക് ശ്രദ്ധി ക്കാം.

നമ്മുടെ നാടിന്റെ ദുഃസ്ഥിതിക്കും ഭരിക്കുന്നവരുടെ സ്വാർത്ഥതയ്ക്കും ഉടനെയെങ്ങും ഒരവ സാനമുണ്ടാവുകയില്ല. കേന്ദ്രത്തിൽ അശാസ്ത്രീയമായ ജാതിഭ്രാന്തും സംസ്ഥാനത്ത് ഈർക്കിലി പാർട്ടികളുടെ അപ്രായോഗിക നീക്കങ്ങളുംമൂലം ഭരിക്കുന്നവർക്ക് തുടർന്ന് ഭരിക്കാൻ ഒരു പ്രശ്ന വുമുണ്ടാകാനിടയില്ല എന്ന് സാരം!

ദുഃഖവെള്ളിയാഴ്ചയിലെ കുരിശുമരണത്തിനുശേഷം ഞായറാഴ്ച ഉയിർപ്പുണ്ട്. ഇതിനിടെ ശനിയാഴ്ച യേശു പാതാളത്തിൽ പോയി മരിച്ചവരോടു സുവിശേഷമറിയിച്ചു എന്നാണ് വിശ്വാ സം. പക്ഷേ രാഷ്ട്രീയപാതാളത്തിൽ നിന്ന് മഹാബലിപോലും താമസം മാറ്റിയിരിക്കുകയാണ്. രാഷ്ട്രീയക്കാരെ ഉപദേശിച്ചിട്ടെന്തു കാര്യം? ഉറങ്ങിക്കിടക്കുന്നവരെ ഉണർത്താം; ഉറക്കം അഭിന യിക്കുന്നവരെയോ? ഇനി ഇവിടെ ഒരു ഉയിർപ്പിനു സാധ്യതയുണ്ടോ? ഉണ്ടെന്നു നമുക്കു വിശ്വ സിക്കാം. "വിശ്വാസം - അതല്ലേ എല്ലാം". പ്രത്യാശയാണല്ലോ ജീവിതത്തിന്റെ സൗരഭ്യം. ◎

# Meditations on the face of Jesus

# THE FACE OF DEATH



*Jesus bowed His Head and gave up the Ghost. (John 19:30)*

Steadfastness and determination were the keynotes of the life of Jesus Christ. Always, at every moment of his earthly pilgrimage, the Lord kept steadfastly before Him the purpose of His Incarnation.

He knew without a shadow of doubt that He had been born into the world to do His Father's business at all costs, and followed the way set for him right to the bitter end. He steadfastly set His face to go to Jerusalem, though He knew what would happen. And what did result? He suffered most cruel and intense agony in the Garden of Gethsemane. He saw His loved apostles flee at the first sign of danger. He was betrayed with a kiss by one Apostle, denied thrice by another, tried and dishonoured by the spitting in the palace of the High Priest, examined by Pilate, mocked by the soldiers, and sent to Herod, re-examined and finally condemned to death by Pilate. Yet in silence He suffered it all, willingly giving Himself as a Lamb to the slaughter, always keeping His face set towards the Hill of Calvary and the Crucifixion. Isn't it beyond human comprehension that the Jerusalem which He loved with such a maternal affection should nail Him to a tree? But never forget that we have a share in that crucifixion.

We shall never be able to comprehend the sufferings of Jesus upon the Cross. But at length all is over. And now behold His Sacred Body lifeless upon the Cross. His Face sunk upon His Breast. The lips that once uttered gracious words, the hands that healed, the feet that walked about doing good are still. The pain is over, gibes and insults can reach Him no longer.

Let us look at His Face as He hangs there. What do we see written thereon? Surely it is of Peace and Rest. Do you remember His last words, Father, into Thy Hands I commend My Spirit.

"Father", so spake the dying Christ, and so we may utter the same words too, as we enter the valley of the shadow of death. Jesus has removed for ever the terror of death. The word Christ uttered speaks of love and friendship. I suppose that most people dread death, because it seems to be so lonely. Thus it appears to us who are alive and well, but Jesus has removed for ever any idea of loneliness. No child who is ever born into this world of ours is really lonely. He must at least have a mother, and in most cases there are other members of the family, who are waiting to welcome the new born child. And what is life? It is but an entry into a new experience. Then we may say, what is Death? And the answer is again, an entry. So death may not be so lonely as we imagine it to be. I remember when I was a youngster being intrigued by a hymn which ran as follows:-

There are angels hovering around,
To carry the soul away.

We need not doubt that the angels were very near to the Redeemer as He wrestled with the evil one on the bitter tree. They had sung for him when he was born of Mary in the stable of Bethleham, they had ministered to him in the desert of the temptation, and they had strengthened him when he put the cup of the will of God to his lips in the garden of the agony. And when he breathed his last, after commending himself to the beloved Father, we may be sure that they were there "to carry his soul away" to the place of departed spirits. For the business which he had performed on earth for his Father and completed to the utmost must yet be made known to those "who waited for the redemption of Israel."

Jesus had been very lonely upon the Cross, for then he had been bearing the Sin of the whole world. It had brought from the Saviour's lips, "My God, my God, why didst thou forsake me." But that was past, and he died at peace with God and man. So the faithful Christian need not fear that he will be called upon to die alone. There will be the Everlasting Arms of God; there will be the companionship of the holy Angels, who will bear the soul away to the rest and peace of Paradise. Thence did the soul of the Saviour wing its flight on the evening of Good Friday, when the offering had been completed. There did he give welcome to the Penitent Thief, the first fruit of his Passion. Paradise brings before the mind the picture of beauty and innocence. The word means a garden or park, and was applied to the abode of our first parents in Eden. And Christ has revealed to his children that God has prepared a place of refreshment, light and peace for them who faithfully serve him in this life.

Saint Peter tells us what our Lord did, when his soul was parted from his body. He went down to Hades to "preach to the spirits in prison." The proclamation of the Cross in that prison wrought the first deliverance which resulted from that Atonement.

"Prison" was changed into Paradise by the presence of Jesus. The souls of the departed had waited long, and indeed, all the saints of the old dispensation had been expectantly looking forward to the coming of the Deliverer, and on that Good Friday night, the gates of the prison-house opened to admit the soul of the redeemer. Thence their waiting-place has been the Paradise of God. So the dead face of Jesus with its look of peace, the peace which came because the Everlasting Arms of his Father had enfolded him, speaks of the bliss of paradise, where the souls of the righteous are in the hands of God, and they are at peace.

But remember "Paradise" is Paradise only when Jesus is present. It makes all the difference to our conception of the dead if we believe that Jesus has shared their experience. Let me return to something I have said before. Jesus Incarnate was a real Man. He came to this world to share every experience of mankind. So he spent the hours from the evening of Good Friday to the beginning of Easter Day in the realms of the departed, so that others might follow in faith whither he had preceded them.

Yet the souls in that state do not yet know complete happiness, for they are still waiting their final admission to the presence of God in heaven. That admission is delayed till the last trumpet shall sound, and until the last traces of sin shall be removed.

We are told that our friends in Paradise cannot be made prefect without us. It is a satisfaction for us to know that they can help us by their prayers. It is a great comfort to us that we on earth can enhance their felicity.

(Continued on page 29)

ധ്യാനപീഠം

ഒരു വിശ്വാസി

# നമ്മുടെ പ്രത്യാശ



മരണത്തെ പേടിക്കേണ്ട എന്ന സന്ദേശവുമായി ഓരോ വർഷവും ഈസ്റ്റർ വന്നു പോകുന്നു. മരണമുള്ളവനാണ് മർത്യൻ. ജനിച്ചവരെല്ലാം മരിച്ചേ മതിയാകൂ. വസ്തുത ഇതാണെങ്കിലും മിക്ക മനുഷ്യർക്കും മരണത്തെ പേടിയാണ്. എന്നാൽ മരണത്തിന്റെമേൽ ജീവന്റെ ജയാഘോഷമാണ് ഈസ്റ്റർ. മരണത്തെ പേടിക്കാതെ ജീവിക്കാമെന്നും ഒടുവിൽ മരണത്തെ ഭയം കൂടാതെ സ്വാഗതം ചെയ്യാമെന്നും ഉള്ള പ്രത്യാശയാണ് ഈസ്റ്റർ നൽകുന്നത്. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ദൈവപുത്രനിലുള്ള ലളിതമായ വിശ്വാസത്താൽ ഇതെങ്ങനെ കഴിയുമെന്ന് ഒരനുഭവകഥയിലൂടെ ഓസ്വാൾഡ് ജെ. സ്മിത്ത് എന്ന ഗ്രന്ഥകാരൻ വിവരിച്ചിട്ടുണ്ട്. നയാഗ്രാ വെള്ളച്ചാട്ടത്തിനു മുകളിൽ വലിച്ചു കെട്ടിയ ഒരു വടത്തിലൂടെ ആദ്യമായി നടന്ന ചാൾസ് ബ്ലോണ്ടിന്റെ അനുഭവങ്ങൾ ആധാരമാക്കിയാണ് അദ്ദേഹം ഇതു സമർത്ഥിക്കുന്നത്.

തെളിഞ്ഞ ഒരു പ്രഭാതം... അതിഭയാനകമായ അലർച്ചയോടെ പതഞ്ഞൊഴുകുന്ന നയാഗ്രാ നദി ആയിരക്കണക്കിന് അടി താഴെയുള്ള പാറക്കെട്ടുകളിലേക്കു തല്ലി അലച്ചു വീഴുന്നു. വിശ്വപ്രസിദ്ധമായ ഈ നയാഗ്രാ വെള്ളച്ചാട്ടത്തിനു മുകളിൽ ഇരുകരകളെയും ബന്ധിച്ചുകൊണ്ട് 1100 അടി നീളം വരുന്ന ഒരു വടം വലിച്ചു കെട്ടിയിരിക്കുകയാണ്. കയറിനു മുകളിലൂടെ നടക്കുന്നതിൽ പ്രസിദ്ധി നേടിയിട്ടുള്ള ചാൾസ് ബ്ലോണ്ടിൻ അന്ന് നയാഗ്രായ്ക്ക് കുറുകെ വടത്തിന്മേൽ നടക്കുക എന്ന അത്യാപൽക്കരമായ പ്രകടനം കാഴ്ചവയ്ക്കുകയാണ്. ചരിത്രപ്രധാനമായ ഈ മുഹൂർത്തത്തിനു സാക്ഷ്യം വഹിക്കാൻ പതിനായിരക്കണക്കിന് ആളുകൾ നയാഗ്രായുടെ ഇരുകരകളിലും തടിച്ചുകൂടിയിരിക്കുന്നു. ടൊറൊന്റോയിൽനിന്നും മറ്റും സ്പെഷ്യൽ ട്രെയിനുകളിൽ വലിയ ജനക്കൂട്ടം പിന്നെയും അങ്ങോട്ട് ഒഴുകിയെത്തുകയാണ്. ജനം നോക്കി നിൽക്കെ ബ്ലോണ്ടിൻ വടത്തിലൂടെ മെല്ലെ നടക്കാനാരംഭിച്ചു. എങ്ങും സൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദത. ഒടുവിൽ ബ്ലോണ്ടിൻ വിജയസ്മിതത്തോടെ മറുകരയെത്തിയപ്പോൾ ജനം ഹർഷാരവം മുഴക്കി. നയാഗ്രായുടെ ഭയാനകമായ അലർച്ചപോലും ആ ആഹ്ലാദാരവങ്ങളിൽ മുങ്ങിപ്പോയി.

താഴെ കാത്തു നിൽക്കുന്ന ജനത്തെ നോക്കി കൈവീശിയ ശേഷം ബ്ലോണ്ടിൻ പുതിയൊരു നിർദ്ദേശം മുന്നോട്ടു വയ്ക്കുകയായി. ചുമലിൽ കാണികളിൽ ഒരാളെയും വഹിച്ചുകൊണ്ട് താൻ വടത്തിലൂടെ മറുകരയ്ക്കു പോകാം. പക്ഷേ ആരായിരിക്കും അതിനു തയ്യാറാവുക? ആളുകൾ അന്യോന്യം ചോദിച്ചു.

"താങ്കളെ അക്കരെക്കൊണ്ടു പോകാൻ ഞാൻ പ്രാപ്തനാണെന്നു താങ്കൾ വിശ്വസിക്കുന്നുണ്ടോ?" ബ്ലോണ്ടിൻ കാണികളിൽ ഒരാളോടു ചോദിച്ചു.

"തീർച്ചയായും."

"അങ്ങനെയെങ്കിൽ താങ്കളെ വഹിച്ചുകൊണ്ട് ഞാൻ അക്കരയ്ക്കു പോകാം." ബ്ലോണ്ടിൻ സന്നദ്ധത പ്രകടിപ്പിച്ചു.

"പക്ഷേ, അത് അപകടകരമല്ലേ? ഞാനെന്റെ ജീവനെ പന്താടാൻ തയ്യാറല്ല." അയാൾ മെല്ലെ ആൾക്കൂട്ടത്തിനിടയിൽ മുങ്ങി.

"ശരി, താങ്കൾ എന്തു പറയുന്നു?"

ബ്ലോണ്ടിൻ ഇക്കുറി ചോദിച്ചതു തന്റെ മാനേജർ ഹെൻട്രി കോൽ കോർഡിനോടാണ്.

"താങ്കളെ അക്കരെ കൊണ്ടുപോകാൻ ഞാൻ പ്രാപ്തനാണെന്നു വിശ്വസിക്കുന്നുവോ?" ചാട്ടുളിപോലെ ഒരു ചോദ്യം.

ഉത്തരവും അങ്ങനെയായിരുന്നു. "ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ എനിക്കു തെല്ലും സംശയമില്ല."

"എന്റെകൂടെ താങ്കൾ ഉത്തമവിശ്വാസത്തോടെ വരാൻ തയ്യാറാണോ?"


"തയ്യാറാണ്."

ശ്വാസം അടക്കിപ്പിടിച്ച് ജനം നോക്കി നിന്നു. ഹെൻട്രിയെ ചുമലിൽ വച്ച് ബ്ലോണ്ടിൻ മറുകരയ്ക്ക് വടത്തിലൂടെ അടിവച്ചു നീങ്ങുകയായി. അവരുടെ ഭാരംകൊണ്ട് താഴെ വടം മുറുകി വലിഞ്ഞുനിന്നു. വ്യക്തമായ ചുവടുവയ്പുകളോടെ ബ്ലോണ്ടിൻ മെല്ലെ മെല്ലെ നടക്കുകയാണ്. ചുമലിൽ ഹെൻട്രിയും. എന്തൊരു ആത്മവിശ്വാസം! ഒടുവിൽ വടത്തിന്റെ മധ്യഭാഗത്തെത്തി. താഴെ ഇരച്ചാർത്തു വീഴുന്ന വെള്ളച്ചാട്ടം. അതിൽനിന്നു ജലകണികകൾ മൂടൽമഞ്ഞുപോലെ ഉയരുന്നു. വെള്ളച്ചാട്ടം ചെന്നു പതിക്കുന്ന കരിമ്പാറക്കെട്ടുകൾ അവയ്ക്കിടയിലൂടെ അവ്യക്തമായി കാണാം. ഭയാനകമായ ഈ ദൃശ്യങ്ങൾക്കു മുകളിൽ മധ്യാകാശത്തിലെന്നവണ്ണം അവർ! ജനം ഭയത്തോടെ നോക്കി നിന്നു. വീണ്ടും മുന്നോട്ട്. അവർ മെല്ലെ കാനഡയുടെ കരയെ സമീപിക്കുകയാണ്. പെട്ടെന്ന് അപകടരേഖ മറികടന്ന് ഓടി വന്ന കാണികളിലൊരാളുടെ കൈ തട്ടി വടം വലിച്ചുകെട്ടിയ പോസ്റ്റ് കുലുങ്ങി. വലിഞ്ഞു നിന്ന വടം ഭയാനകമായി അങ്ങോട്ടും ഇങ്ങോട്ടും ആടുവാൻ തുടങ്ങി. എന്തും സംഭവിക്കാവുന്ന നിമിഷം. ആളുകൾ വീർപ്പടക്കി നോക്കി നിന്നു. ഉത്ക്കണ്ഠ അതിന്റെ പരമകോടിയിലെത്തി. ബ്ലോണ്ടിൻ ഹെൻട്രിയോട് ചുമലിൽ നിന്ന് താഴെയിറങ്ങാൻ പറഞ്ഞു. ഒരു പാദം വടത്തിൽ ചവിട്ടി കൈകൾ ബ്ലോണ്ടിന്റെ തോളിൽ വച്ച് ഹെൻട്രി മെല്ലെ ഇറങ്ങി. "ഹെൻട്രി" ബ്ലോണ്ടിൻ വിളിച്ചു. "നിങ്ങൾ ഹെൻട്രിയല്ല, ബ്ലോണ്ടിൻ തന്നെയാണ്. എന്റെ ഒരു ഭാഗം! ഞാൻ ആടുകയാണെങ്കിൽ എന്നോടൊപ്പം ആടുക. സ്വയം ബാലൻസു പിടിക്കാൻ ശ്രമിക്കരുത്. അങ്ങനെ ചെയ്താൽ നാം ഇരുവരും താഴെ വീണു തവിടുപൊടിയാകും." അതു സമ്മതിച്ച് ഹെൻട്രി വീണ്ടും ബ്ലോണ്ടിന്റെ ചുമലിൽ കയറി. വടം അതിഭയാനകമായി ഇരുവശത്തേക്കും ആടുന്നതിനിടയിൽ ബ്ലോണ്ടിൻ വടത്തിലൂടെ മറുകരയിലേക്ക് ഓടുവാൻ തുടങ്ങി. എങ്ങനെയാണ് ബ്ലോണ്ടിനു ബാലൻസ് കിട്ടിയത്? ആർക്കും അറിയില്ല. പക്ഷേ അയാൾ അതു സാധിച്ചു. ആളുകളെ ഉത്ക്കണ്ഠയുടെ മുൾമുനയിൽ നിർത്തിക്കൊണ്ട് ബ്ലോണ്ടിൻ അവസാന ചുവടും വച്ചു. അവർ സുരക്ഷിതരായി അക്കരെയെത്തി. കാണികളുടെ ആവേശം അണപൊട്ടി. പിരിമുറുക്കം അയഞ്ഞു. ഉത്ക്കണ്ഠ ആഹ്ലാദത്തിനു വഴിമാറി.

ഈ സംഭവം വിവരിച്ചശേഷം ഓസ് വാൾഡ് ജെ. സ്മിത്ത് വിശദീകരിക്കുന്നു: ഈലോകജീവിതത്തിനും മരണാനന്തരജീവിതത്തിനും ഇടയിൽ ഒരു വലിയ പിളർപ്പുണ്ട് - അതാണു മരണം. നയാഗ്രായ്ക്കു കുറുകെ അക്കരയിക്കരെ പോയ ചാൾസ് ബ്ലോണ്ടിനെപ്പോലെയാണ് ജീവിതത്തിൽനിന്നു മരണാനന്തരജീവിതത്തിലേക്കു പോയി മടങ്ങിവന്ന യേശുക്രിസ്തു. ചാൾസ് ബ്ലോണ്ടിനെ മതിപ്പോടെ വീക്ഷിക്കുകയും അതേ സമയം അദ്ദേഹം നിരപായം അക്കരെയെത്തുമെന്നു വിശ്വസിക്കാൻ കഴിയാതെ പോകുകയും ചെയ്ത കാണികളിൽ ഒരുവനെപ്പോലെയാണ് ഇന്ന് അനേകരും. അവർക്ക് യേശുവിനോട് ആദരവുണ്ട്. പക്ഷേ അവനിൽ വിശ്വസിച്ച് ആശ്രയിക്കുവാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ട് മരണഭയത്തിൽ നിന്നു രക്ഷപ്പെടുവാനും അവർക്കു സാധിക്കുന്നില്ല. എന്നാൽ ഹെൻട്രിയെപ്പോലെ സ്വന്തബുദ്ധിയിൽ ആശ്രയിക്കാതെ സമ്പൂർണ്ണമായി ഏല്പിച്ചു കൊടുക്കുന്നവരെ അവിടുന്നു മരണാനന്തര ജീവിതത്തിലേക്കു സുരക്ഷിതമായി വഹിച്ചുകൊണ്ടു പോകും. മരണം അതുകൊണ്ടുതന്നെ അവർക്കൊരു പേടിസ്വപ്നമായിരിക്കുകയില്ല. മരണഭയം തീണ്ടാത്ത ഇത്തരമൊരു ജീവിതത്തിലേക്ക് യേശു നമ്മെ ക്ഷണിക്കുന്നു.

(കടപ്പാട് : "അനന്തമാം ദൈവസ്നേഹം")

ചിന്താശകലം
സഖറിയാ ജേക്കബ്



# നഷ്ടമാകുന്ന വിരുന്നുമേശകൾ

**വി**രുന്ന് സുന്ദരമായ ഒരു അനുഭവമാണ്. വിരുന്ന് എന്ന വാക്കിന് അനവധി മാനങ്ങൾ ഉണ്ട്. നാം പലതരം വിരുന്നുകളിൽ പങ്കെടുക്കാറുണ്ട്. മരണാനന്തര ചടങ്ങുകളിലും വിരുന്നിന് കുറവൊന്നുമില്ല. തലമുറയുള്ളിടത്തോളം കാലം പരേതരെ ഓർത്ത് വിരുന്നു കഴിക്കുന്ന പതിവാണ് നമുക്കുള്ളത്. എല്ലാം നല്ലതു തന്നെ. കാരണം പലരേയും ഓർക്കുന്നതും പലതും ഓർക്കുന്നതും വിരുന്നുമേശകൾക്ക് ചുറ്റുമാണ്.

നാടും നഗരവും പലവിധ വിരുന്നുകൾ കൊണ്ടാടട്ടെ; പക്ഷേ ഒരു ക്രിസ്ത്യാനി എന്ന നിലയ്ക്ക് നമ്മുടെ വിരുന്നേതാണെന്ന് ചിന്തിക്കാറുണ്ടോ? അതിൽ നാം കൃത്യമായും പക്വമായും പങ്കെടുക്കാറുണ്ടോ? ആ വിരുന്ന് നമ്മുടെ ആത്മാവിനും ശരീരത്തിനും ആവശ്യമായ ആരോഗ്യം പ്രദാനം ചെയ്യേണ്ടതിന് പര്യാപ്തമാകാറുണ്ടോ? “സൈന്യങ്ങളുടെ യഹോവ ഈ പർവ്വതത്തിൽ സകല ജാതികൾക്കും മൃഷ്ടഭോജനങ്ങൾകൊണ്ടും മട്ടൂറിയ വീഞ്ഞുകൊണ്ടും ഒരു വിരുന്നു കഴിക്കും” (യെശയ്യാ 25:6). ദൈവസന്നിധിയിൽ ദൈവമക്കൾ അനുഭവിക്കാൻ പോകുന്ന സ്വർഗ്ഗീയവിരുന്നിന്റെ ദർശനമാണിത്. നമ്മൾ സമ്പൽസമൃദ്ധമായ വിരുന്നിനവകാശികളാകുവാനാണ് ക്രിസ്തു സ്വന്തശരീരവും രക്തവും അവസാന അത്താഴസമയത്ത് നൽകിയത്. യേശു സ്വർഗ്ഗീയവിരുന്നിനെക്കുറിച്ചുള്ള ഉപമ പകർന്നു കൊടുത്തപ്പോൾ “കൂടെ പന്തിയിലിരുന്നവരിൽ ഒരുത്തൻ ഇത് കേട്ടിട്ട് ദൈവരാജ്യത്തിൽ ഭക്ഷണം കഴിക്കുന്നവൻ ഭാഗ്യവാൻ എന്ന് അവനോട് പറഞ്ഞു” (ലൂക്കോ 14:15). ദൈവരാജ്യത്തിൽ ഭക്ഷണം കഴിക്കുന്നവർക്ക് ലഭിക്കുന്ന ഭാഗ്യത്തിന് അർഹരാവാൻ നമ്മളും ആഗ്രഹിക്കുന്നില്ലേ, പക്ഷേ സാധിക്കാറുണ്ടോ? എന്നാൽ ദൈവരാജ്യത്തെ വിരുന്നുഭോജനം അനുദിനം നമുക്കിടയിൽ നടന്നിട്ടും അത് അനുഭവിക്കുവാൻ ഉള്ള ഭാഗ്യം നാം മനഃപൂർവ്വം നിഷേധിക്കയല്ലേ പതിവ്? നമ്മുടെ ദൈവാലയങ്ങളിൽ മുടക്കം കൂടാതെ ആ സ്വർഗ്ഗീയവിരുന്നുഭോജനം നടക്കുമ്പോൾ അതിൽ നിന്ന് അകലം പാലിച്ചും കാഴ്ചക്കാരായും നിന്ന് ഭാഗ്യാവസ്ഥയെ നഷ്ടപ്പെടുത്തുകയല്ലേ പലരും? നമുക്ക് വിരുന്നുമേശകൾ നഷ്ടമായിക്കൊണ്ടിരിക്കുകയാണോ?

നമ്മുടെ കർത്താവ് തന്റെ പരസ്യശുശ്രൂഷയുടെ അവസാനനാളിൽ വിരിച്ചൊരുക്കിയ മാളികയിൽ ശിഷ്യന്മാരോടൊപ്പം പെസഹാ ഭുജിക്കുമ്പോൾ “യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു: വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇത് അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം.” (മത്താ. 26:26-28, മർക്കൊ. 14:22-24, ലൂക്കോ. 22:17-20, യോഹ. 13:26, 1 കോരി. 11:23-26) ഇതാണ് യേശു നമുക്കുവേണ്ടി സ്വയം ബലിയായി ത്തീർന്ന ദിവ്യ വചസ്സുകൾ. സ്ഥാപകവചനം, സ്ഥാപകവിവരണം, കൂദാശാവാക്യം, Word Of Institution എന്നെല്ലാം വേദശാസ്ത്രത്തിലും ആരാധനാശാസ്ത്രത്തിലും ഈ വാചകങ്ങളെ പറയുന്നു. ലോകരക്ഷിതാവ് കേവലം ഒരപ്പത്തിലേക്കും വീഞ്ഞിലേക്കും ചുരുങ്ങിയത് നമുക്കുവേണ്ടി മാത്രമാണ്. അവന്റെ ജനനവും ബാല്യവും രഹസ്യ പരസ്യ ജീവിതങ്ങളും അത്ഭുതങ്ങളും അടയാളങ്ങളും പീഡാനുഭവവും ക്രൂശീകരണവും പുനഃരുത്ഥാനവും എല്ലാം അപ്പമായി നമുക്ക് വിരുന്നൊരുക്കുന്നതിനു വേണ്ടിയായിരുന്നു. പക്ഷേ ആ വിരുന്നിൽ സംബന്ധിക്കുവാനും ആ അപ്പത്തിന്റെ

ഭാഗമാകാനും നാം പലപ്പോഴും ധൃതി കൂട്ടാറില്ല. ജീവൻ കൊടുത്ത് നമ്മുടെ പാപരോഗത്തിന് ക്രിസ്തു നേടിത്തന്ന മരുന്നാണ് വി. കുർബ്ബാനയെന്ന സ്വർഗ്ഗീയ വിരുന്നുഭോജനം.

"The Eucharist is not a mere teaching session for the edification of those who attend it. It is the vital link between Creation and God. It is the highest response of the Creation to God...'' ശങ്കരാചാര്യർക്ക് ശേഷം ലോകം കണ്ട വിശ്വമാനവനായ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ വാക്കുകളാണ്. കേവലം കാഴ്ചക്കാരായി വന്ന് സാന്നിദ്ധ്യം അറിയിച്ച് മടങ്ങാനുള്ള ഒരു പഠനവേദിയോ അല്ലെങ്കിൽ നാടകവേദിയോ ഒന്നുമല്ല വി. കുർബ്ബാന. അനുഭവിക്കുന്നവർക്കു മാത്രമായി അനുഷ്ഠിക്കപ്പെടുന്ന ഈ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രമാണ് നൽകപ്പെടുന്നത്. "അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും" (1 കോരി. 11:27). യോഗ്യമായി വിശുദ്ധിയോടെ അവന്റെ ദിവ്യ വിരുന്നിൽ പങ്കാളികളാകുന്നവരോട് ക്രിസ്തു പറയുന്നതിങ്ങനെയാണ്: "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ 6:54 -56). രക്ഷകന്റെ വാഗ്ദാനവും ഉറപ്പുമാണ് മേൽപ്പറഞ്ഞ വാക്യങ്ങൾ.

ജീവിതത്തിന്റെ ഓട്ടപ്പാച്ചിലിനിടയിൽ നമുക്ക് നഷ്ടമാകുന്ന ചില സുകൃതങ്ങളുണ്ട്. പിന്നീടാവാം എന്ന ആത്മവിശ്വാസത്തിൽ അവയെ തള്ളിനീക്കുമ്പോൾ പിന്നീടൊരിക്കലും എത്തിപ്പിടിക്കാൻ സാധിക്കാത്ത അകലത്തിലേക്ക് അവ നീങ്ങിപ്പോകും. ആയുസ്സിന്റെ നല്ല ഭാഗം ധൂർത്തിലും ആസക്തികളിലും വിരചിച്ച്, എല്ലാവരെയും പുച്ഛിച്ച്, ദൈവവും ദൈവികരും മിഥ്യയാണെന്ന് അലറിവിളിച്ചു നടന്നശേഷം രോഗാതുരനായി കിടക്കുമ്പോൾ മരണം കട്ടിളപ്പടിയിൽ എത്തിനിൽക്കുന്നു എന്ന ബോധ്യം ഉണ്ടാകുന്നു. അപ്പോൾ ദൈവത്തെ ഓർമ്മ വരുന്നു. ആഗ്രഹം മറ്റൊന്നുമല്ല, അവനെ ഒന്നനുഭവിക്കണം അവസാനമായി, അവന്റെ സന്നിധിയിൽ ഒന്നാശ്വാസം കണ്ടെത്തണം, അവിടെ നിന്ന് ദൈവസാന്നിധ്യത്തിൽ മണ്ണിനെ പുൽകണം. പക്ഷേ കാലം അതിനനുവദിച്ചില്ല. ആരും അടുക്കാതെയായി, ദൈവാലയങ്ങൾ കൊട്ടിയടയ്ക്കപ്പെട്ടു. പൊതിയപ്പെട്ട മൃതശരീരങ്ങൾ പോലെ മുഖംമൂടികളണിഞ്ഞ മനുഷ്യരൂപങ്ങൾ ചുറ്റിലും നിന്നു ശുശ്രൂഷിക്കുന്നു. നിത്യജീവന്റെ ഔഷധം ഒന്നുകൂടി ഉറച്ച വിശ്വാസത്തിൽ ഏറ്റുവാങ്ങാൻ സാധിക്കുന്നില്ല. ആരും അതിന് ധൈര്യപ്പെടുന്നില്ല. അതെ, കേവലം ഒരണു മതി എല്ലാറ്റിൽ നിന്നും നമ്മെ അകറ്റാൻ എന്ന് കാലം തെളിയിക്കുന്നു. ഇനിയും ആ വിരുന്നുമേശയോട് അകലം പാലിക്കരുതേ. കാരണം അത് ഏതു നിമിഷവും നഷ്ടമായേക്കാം. നിത്യജീവന്റെ ഔഷധം മുടങ്ങാതെ ഭക്ഷിക്കുവാനും പാനം ചെയ്യുവാനും ഏവർക്കും സാധിക്കട്ടെ. അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിലിന്റെ ഈ വാക്യങ്ങൾ നമുക്ക് കൂട്ടായിരിക്കട്ടെ:

"If the poison of pride is swelling up in you, turn to the Eucharist; and that Bread, which is your God humbling and disguising Himself, will teach you humility. If the fever of selfish greed rages in you, feed on this Bread; and you will learn generosity. If the cold wind of coveting withers you, hasten to the Bread of Angels; and charity will come to blossom in your heart. If you feel the itch of intemperance, nourish yourself with the Flesh and Blood of Christ, who practised heroic self-control during His earthly life; and you wil become temperate. If you are lazy and sluggish about spiritual things, strengthen yourself with this heavenly Food; and you will grow fervent. Lastly, if you feel scorched by the fever of impurity, go to the banquet of the Angels; and the spotless Flesh of Christ will make you pure and chaste." ◎

*Ecospot*

Rev. Dr. M.J. Joseph, Kottayam





# നാം പ്രകൃതിയുടെ സംരക്ഷകരോ?

**ദൈ**വവും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലും ഉള്ള പരസ്പര ബന്ധമാണ് ഉല്പത്തി പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന സൃഷ്ടിപ്പിന്റെ വിവരണം. ഏദൻതോട്ടത്തിൽ ദൈവം മനുഷ്യനു നിയോഗവും (commission) അനുവാദവും (permission) നിരോധനവും (prohibition) നൽകി. (ഉല്പ 2:15 -17) "പ്രകൃതിയെക്കുറിച്ചുള്ള ഏതൊരു തെറ്റിദ്ധാരണയും ദൈവത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണയിലേക്കു നയിക്കും" എന്നാണ് ദൈവശാസ്ത്രത്തിലെ അതികായനായ തോമസ് അകിനാസ് പറഞ്ഞിട്ടുള്ളത്. ഈ പ്രസ്താവന തികച്ചും ശരിയാണ്. മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധത്തിലാണല്ലോ ദൈവതേജസ്സ് വെളിപ്പെടുന്നത്. ഭൂമിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ദലിതർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, സമൂഹത്തിലെ അടിസ്ഥാന ജനവിഭാഗങ്ങൾ എന്നിവരുടെ ഭാവി മുഖ്യമായി പരിഗണിച്ചുകൊണ്ടുള്ള ഇക്കോ നീതിബോധത്തിന് സഭയും സമൂഹവും ഊന്നൽ നൽകേണ്ടതാണ്.

ഇക്കോ നിയോഗത്തിലെ ചില അടിസ്ഥാന സംഗതികൾ ചൂണ്ടിക്കാണിക്കട്ടെ :

**സ്രഷ്ടാവിലുള്ള അചഞ്ചലമായ വിശ്വാസം**

"യഹോവേ, ജ്ഞാനത്തോടെ നീ ഇവയെ ഒക്കെയും ഉണ്ടാക്കിയിരിക്കുന്നു" (സങ്കീ 104:24) എന്ന വേദവാക്യം നിയോഗശുശ്രൂഷയുടെ അടിസ്ഥാനശിലയായി കരുതാം. ദൈവനീതിയുടെ കാഴ്ചപ്പാടുകൾ പ്രകൃതിയിലും സംരക്ഷിക്കേണ്ടതുണ്ട്. ദോഷമായതിനെ സ്വീകരിക്കുന്നതു മാത്രമല്ല പാപം; ദൈവം നല്ലതെന്നു പ്രഖ്യാപിച്ചതിനെ ദുരുപയോഗപ്പെടുത്തുന്നതും പാപമാണ്. പ്രകൃതിയിലെ ആദ്ധ്യാത്മിക ദർശനത്തെ sacramentality of creation എന്നു സംബോധന ചെയ്യാം. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിൽ വചനമാകുന്ന ക്രിസ്തുവാണ് കാരണഭൂതൻ; തന്മൂലം മലിനീകരണം ക്രിസ്തുവിന്റെ പ്രകൃതിയിലെ പ്രതിഭയ്ക്കു മങ്ങലേൽപ്പിക്കുന്നു.

'ഭൂമിക്കൊരു ചരമഗീതം' പാടിയ ഒ.എൻ.വി.യുടെ കവിതയിൽ ഇന്നിന്റെ സങ്കീർണ്ണമായ ജീർണ്ണതയാണ് സൂചിപ്പിക്കുന്നത്. ''ഭൂമി ദുഃഖിച്ചു വാടിപ്പോകുന്നു... ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു'' (യെശ. 24:4-5), "ദേശം ദുഃഖിക്കുന്നതും നിലത്തിലെ സസ്യമൊക്കെയും വാടുന്നതും എത്രത്തോളം? നിവാസികളുടെ ദുഷ്ടത നിമിത്തം മൃഗങ്ങളും പക്ഷികളും നശിച്ചുപോകുന്നു" (യിരെ. 12:4) എന്നീ തിരുവചനമൊഴികൾ മലിനീകരണത്തിന് എതിരെയുള്ള പ്രവാചക ഗർജ്ജനങ്ങളാണ്. കേരളത്തിലെ 44 നദികളുടെ ഇന്നത്തെ അവസ്ഥ കണ്ട് ശബ്ദമുയർത്തുകയും ഫോട്ടോ എടുത്തു പ്രദർശിപ്പിക്കുകയും മാത്രമല്ല വേണ്ടത്; ശുദ്ധീകരണ പ്രക്രിയയ്ക്കു കൊടിപിടിക്കുന്ന ഇക്കോ പോരാളികളാണ് ഇന്നിന്റെ ആവശ്യം. ''തെളിഞ്ഞ വെള്ളം കുടിച്ചിട്ടു ശേഷിപ്പുള്ളതിനെ കാൽകൊണ്ട് കലക്കിക്കളയുന്നവർക്കു എതിരെ യെഹെസ്കേൽ പ്രവാചകനും (യെഹെ. 34:18) ഗർജ്ജിച്ചിട്ടുണ്ട്. ഈ പ്രപഞ്ചത്തിന്റെ സംരക്ഷകനായ മനുഷ്യനെക്കുറിച്ചുള്ള ദൈവിക കാഴ്ചപ്പാട് കാണുക.

“യഹോവേ, ഭൂമി നിന്റെ ദയകൊണ്ടു നിറഞ്ഞിരിക്കുന്നു. കർത്താവേ ഭൂമിയിൽ നിന്റെ അചഞ്ചല സ്നേഹം നിറഞ്ഞിരിക്കുന്നു.” പ്രഭാഷകൻ 18:13-ൽ പരിസ്ഥിതി അവബോധത്തിന്റെ ഉദാത്തമായ കാഴ്ചപ്പാടുകൾ കാണാം: “മനുഷ്യന്റെ അനുകമ്പ അവന്റെ അയൽക്കാരനോടു മാത്രമാണ്. ദൈവത്തിന്റെ (സ്രഷ്ടാവിന്റെ) അനുകമ്പയോ സകല ജീവജാലങ്ങളോടും ഉള്ളതാണ്.'' മനുഷ്യകേന്ദ്രീകൃതമായ (Anthropocentric) അവബോധത്തിൽ നിന്നും ജീവൻ കേന്ദ്രീകൃതമായ (bio-centric) നവദർശനത്തിലാണ് പരിസ്ഥിതി ആദ്ധ്യാത്മികതയുടെ ഊന്നൽ.

**ഇക്കോ ആക്ടിവിസ്റ്റാകുക**

കാടുകളും നീർത്തടങ്ങളും മലകളും കുന്നുകളും ആവുന്നിടത്തോളം സംരക്ഷിക്കുവാനുള്ള ചുമതല ഭൂമിയുടെ കാര്യവിചാരകരും രക്ഷാകർത്താക്കളും എന്ന നിലയിൽ എല്ലാവർക്കും ഉണ്ട്. ഇവയെല്ലാം ജലഖജനാവുകളാണ്. ജീവന്റെ പ്രതീകങ്ങളായ വായു, വെള്ളം, ആകാശം, ഭൂമി, അഗ്നി എന്നിവയെ മരണത്തിന്റെ ശക്തികളാക്കിത്തീർക്കുവാൻ നാം ഒരിക്കലും ഉദ്യമിക്കരുത്. പരിസ്ഥിതിജാഗ്രത പുലർത്തുന്നവരായി ജീവിക്കുവാനുള്ള നിയോഗശുശ്രൂഷയിൽ പരിസ്ഥിതിസൗഹൃദമായ വികസന പദ്ധതികൾക്കായിരിക്കണം വിശ്വാസസമൂഹം നേതൃത്വം കൊടുക്കേണ്ടത്.

സ്രഷ്ടാവായ ദൈവം മാനവരാശിയെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനുവേണ്ടിയാണ് വിളിച്ചിരിക്കുന്നത് (1 തെസ്സ. 4:7). തന്മൂലം ദൈവേഷ്ടം ചരിത്രത്തിൽ പൂർത്തീകരിക്കുന്നതിന് ഈശ്വരവിശ്വാസികൾ ഏവരും ഭാഗഭാക്കാകേണ്ടതാണ്. "Cleanliness is next to Godliness'' എന്നാണല്ലോ മഹദ്‌വചനം. വൃത്തിയും ശുദ്ധിയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. മാലിന്യങ്ങൾ വഴിയോരങ്ങളിൽ വലിച്ചെറിയുക, പുഴകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുക, റോഡുകളിലെ കുഴികളിൽ മഴവെള്ളം കെട്ടിക്കിടക്കുന്നതു മൂലം കൊതുകുകൾ പെരുകുന്നതിന്റെ സാഹചര്യം ഉളവാക്കുക എന്നിത്യാദി സംഗതികൾ ഒഴിവാക്കാൻ ഏവരും ശ്രദ്ധിക്കണം. വഴിയരികിൽ മലമൂത്രവിസർജ്ജനം ചെയ്യുന്ന പ്രവണത ഇന്ത്യയിൽ പലയിടത്തും കാണാം. ഇതിനെ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. ബസ്സ് സ്റ്റാൻഡുകളിലും വഴിയോരങ്ങളിലും സ്കൂളുകളിലും comfort stations നിർമ്മിക്കുന്നതിൽ ഗവൺമെന്റ് ഏജൻസികളും ആരാധനാലയങ്ങളും ശ്രദ്ധിക്കണം.

വിദ്യാലയങ്ങളും ആരാധനാസ്ഥലങ്ങളും ജൈവോദ്യാനങ്ങളാക്കിത്തീർക്കേണ്ടതാണ്. കാലം തെറ്റി പൂക്കുന്ന തുമ്പയും കണിക്കൊന്നയും കാലാവസ്ഥാമാറ്റത്തിന്റെ സൂചനകളായി ഗ്രഹിച്ച് കാടിനെയും കുന്നുകളെയും കാവുകളെയും സംരക്ഷിക്കേണ്ടതാണ്.

**പരിസ്ഥിതി സംരക്ഷണം - ഭാവിതലമുറയോടുള്ള കടമ**

പരിസ്ഥിതി അവബോധവും ആദ്ധ്യാത്മികതയും നീതിബോധവും ജീവിതശൈലിയായി വളർത്തിയെടുക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

1. യു.എൻ.ഒയുടെ പാരീസ് കാലാവസ്ഥാ ഉച്ചകോടി (2015) സമ്മേളനത്തിലെ നിർദ്ദേശങ്ങളും ഊന്നലുകളും വിശ്വാസസമൂഹങ്ങൾ ഗൗരവപൂർവം പരിഗണിക്കേണ്ടതാണ്.
2. അന്തരീക്ഷത്തിലെ ചൂട് വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടി ഹരിതവാതക ബഹിർഗമനം വിവിധ തലങ്ങളിൽ നിയന്ത്രിക്കുകയും ഹരിത ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ആവുന്നിടത്തോളം പ്രയോജനപ്പെടുത്തുകയും വേണം.
3. ജീവിതശൈലീരോഗങ്ങളെ ചെറുത്തു നിൽക്കുന്നതിനു ഭക്ഷണക്രമം സംബന്ധിച്ച അവബോധ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

(Contd. on page 31)

കൽപടവുകൾ - 28

ഫാ. ജോണി ജോർജ്
കോർ എപ്പിസ്കോപ്പാ





# ഏശാവുമായുള്ള കൂടിക്കാഴ്ച

"അനന്തരം യാക്കോബ് തലപൊക്കി നോക്കി. ഏശാവും അവനോടുകൂടെ നാനൂറ് ആളുകളും വരുന്നതു കണ്ടു. അവൻ അവർക്കു മുമ്പായി കടന്നു ഏഴുപ്രാവശ്യം സാഷ്ടാംഗം വീണ് നമസ്കരിച്ചുകൊണ്ട് തന്റെ സഹോദരനോട് അടുത്തുചെന്നു. ഏശാവ് ഓടിവന്ന് അവനെ എതിരേറ്റു; ആലിംഗനം ചെയ്തു; അവന്റെ കഴുത്തിൽ വീണു അവനെ ചുംബിച്ചു; രണ്ടുപേരും കരഞ്ഞു... സഹോദരാ എനിക്ക് വേണ്ടുന്നത് ഉണ്ട്. നിനക്കുള്ളത് നിനക്ക് ഇരിക്കട്ടെ എന്നു പറഞ്ഞു. അതിന് യാക്കോബ്, അങ്ങനെയല്ല, എന്നോട് കൃപയുണ്ടെങ്കിൽ എന്റെ സമ്മാനം എന്റെ കൈയിൽനിന്ന് വാങ്ങേണമേ. ദൈവത്തിന്റെ മുഖം കാണുന്നതുപോലെ ഞാൻ നിന്റെ മുഖം കാണുകയും നിനക്ക് എന്നോട് കൃപ തോന്നുകയും ചെയ്തുവല്ലോ. ഞാൻ അയച്ചിരിക്കുന്ന കാഴ്ച വാങ്ങേണമെ. ദൈവം എന്നോട് കൃപ ചെയ്തിരിക്കുന്നു; എനിക്ക് വേണ്ടുവോളം ഉണ്ട് എന്നു പറഞ്ഞു. അവനെ നിർബന്ധിച്ചു. അങ്ങനെ അവൻ അതു വാങ്ങി" (ഉല്പത്തി 33:1-11).

യാക്കോബ് തന്റെ സർവ്വ സമ്പത്തുമായി ലാബാന്റെ ഭവനത്തിൽനിന്ന് ഒളിച്ചോടുകയായിരുന്നു. ലാബാന്റെ ഭവനത്തിൽ വച്ച് ഉണ്ടാകാമായിരുന്ന അപകടസാഹചര്യത്തിൽനിന്ന് രക്ഷപ്പെടുകയായിരുന്നു. അതേസമയം മറ്റൊരു പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടതായി വന്നു. വഞ്ചകനായ ലാബാനിൽനിന്ന് അകലുന്തോറും താൻമൂലം വഞ്ചിതനായ സ്വന്തം സഹോദരന്റെ സമീപത്തേക്ക് അടുത്തുവരികയായിരുന്നു. മനുഷ്യജീവിതാനുഭവത്തിലെ ഒരു വലിയ ദൃഷ്ടാന്തമായി ഇതിനെ കണക്കാക്കാവുന്നതാണ്.

അടിസ്ഥാനപരമായി യാക്കോബിന്റെ വ്യക്തിത്വത്തിൽ നിഴലിക്കുന്ന ഒരു തന്ത്രസ്വഭാവത്തെ ഇവിടെയും ദർശിക്കാൻ കഴിയും. ദൈവസാന്നിദ്ധ്യം എപ്പോഴും തന്നോടൊപ്പം ഉണ്ടായിരിക്കുമെന്ന ദൈവത്തിന്റേതായ വാഗ്ദാനം ഉണ്ടായിരുന്നിട്ടും സ്വന്തസാമർത്ഥ്യംകൊണ്ട് തന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനാണ് യാക്കോബ് ശ്രമിക്കുന്നത്. എല്ലാ കാര്യങ്ങളിലും സ്വാർത്ഥത നിഴലിക്കുന്നുണ്ട്. വാല്യക്കാരും മൃഗസമ്പത്തും ഭാര്യമാരും മക്കളും അടങ്ങുന്ന വലിയ സംഘമാണ് കൂട്ടത്തിലുള്ളത്. ഏതു വഴിക്കാണ് ഏശാവ് വരുന്നതെന്ന് അറിഞ്ഞുകൂടാ. അതുകൊണ്ട് കൂടെയുള്ളവയെല്ലാം രണ്ട് ഭാഗങ്ങളായി ഭാഗിച്ചാണ് സംഘത്തെ നിരത്തുന്നത്. വലിയ മുൻകരുതലുകളാണ് യാക്കോബ് എടുക്കുന്നത്. പ്രതികാരമനോഭാവത്തോടെയാണ് വരുന്നതെങ്കിൽ നേരിടുകതന്നെ. പ്രലോഭനങ്ങൾക്ക് വഴങ്ങുമെങ്കിൽ സമ്മാനങ്ങൾ നൽകി ശാന്തനാക്കാം. ഇങ്ങനെയുള്ള ഭയപ്പാടോടുകൂടിയാണ് ഏശാവിനെ കാണാൻ യാക്കോബ് ഒരുങ്ങുന്നത്. കുടുംബാംഗങ്ങളെ രണ്ടായി തിരിക്കുമ്പോൾ ഒരു കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നു. താൻ കൂടുതൽ സ്നേഹിക്കുന്ന റാഹേലിനെയും മകൻ യൗസേഫിനെയും അപകടം കുറഞ്ഞ സ്ഥലത്തും മറ്റുള്ളവരെ അപകടം കൂടിയ സ്ഥലത്തും നിർത്തുന്നു.

ഇവിടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ഒരു സ്ഥലമാണ് മഹനയീം. പൂർവ്വ യോർദ്ദാനിൽ കൂടിയായിരുന്നു യാക്കോബും സംഘവും സഞ്ചരിച്ചത്. അവിടെയുള്ള മലകൾ കടന്ന് യോർദ്ദാൻ താഴ്വരയെ സമീപിക്കുമ്പോൾ കാണുന്ന സ്ഥലമാണ് മഹനയീം. യോർദ്ദാൻ നദിയുടെ പ്രധാന പോഷകനദികളിൽ ഒന്നാണ് 'യാബോക്ക്'. ആ നദി താഴ്വരയിലേക്ക് ഒഴുകിയെത്തുന്നത് മഹനയീമിന്റെ സമീപത്തുകൂടിയാണ്. യിസ്രായേലിന്റെ ചരിത്രത്തിലെ സുപ്രധാനമായ ഒരു സ്ഥലമായി മഹനയീം

കണക്കാക്കപ്പെടുന്നു. ഇവിടെ വച്ചാണ് തന്റെ സഹോദരനായ ഏശാവിനെ നേരിടാൻവേണ്ടി തന്റെ കൂടെയുള്ളതിനെയെല്ലാം രണ്ടായി വിഭജിക്കുന്നതും ഒരു ഭാഗം ഏശാവ് കൈവശപ്പെടുത്തുമ്പോൾ മറുഭാഗത്തെ നദിക്കക്കരെ കടത്തി സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കുന്നതും. യാക്കോബ് നിലയുറപ്പിച്ചിരുന്നത് രണ്ട് ഭാഗങ്ങൾക്കും മദ്ധ്യേയുള്ള ഒരു സ്ഥലത്ത് ആയിരുന്നിരിക്കണം.

ഈയൊരു സംവിധാനം വളരെ ആലോചിച്ച് നടപ്പിലാക്കുന്നതാണ്. പക്ഷേ, അതൊരു വലിയ നഷ്ടത്തിലേക്കായിരിക്കും യാക്കോബിനെ കൊണ്ടെത്തിക്കുക. കാരണം അദ്ദേഹത്തിനുള്ളതിന്റെയെല്ലാം പകുതി ഏശാവിന് കൊടുക്കേണ്ടിവരും. അതുകൊണ്ടായിരിക്കാം പ്രാർത്ഥനവഴി ദൈവസഹായം തേടുന്നത്. തന്റെ അയോഗ്യതകളെ ഏറ്റുപറയുന്നുണ്ടെങ്കിലും ദൈവം നൽകിയ വാഗ്ദാനങ്ങളെ അദ്ദേഹം ഓർമിപ്പിക്കുന്നു (ഉല്പ. 32:9-12). ഇവിടെയൊന്നും തന്റെ വല്യപ്പനായ അബ്രാഹാമിനും പിതാവായ ഇസഹാക്കിനും ഉണ്ടായിരുന്നതുപോലെയുള്ള വിശ്വാസത്തെ കാണാനാവില്ല. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ യാക്കോബിന് വിശ്വാസം അർപ്പിക്കാൻ സാധിക്കുന്നില്ല എന്നതാണ് വാസ്തവം.

'മഹനയീം' എന്ന സ്ഥലം തന്ത്രപ്രധാനമാണ്. ഇവിടെ വച്ചാണ് യാക്കോബ് തനിക്കുള്ളതിനെയെല്ലാം രണ്ടായി തിരിക്കുന്നത്. അതുകൊണ്ടായിരിക്കാം 'വിഭജനസ്ഥലം' എന്ന് അതിനു പേര് നൽകുന്നത്. അതുപോലെ തന്നെ പ്രധാനപ്പെട്ട മറ്റൊരു അർത്ഥം കൂടി 'മഹനയീമി'നുണ്ട്. 'മിൻഹാ' എന്ന പദത്തിന്റെ അർത്ഥം 'സമ്മാനം' എന്നാണ്. ഇവിടെ വച്ചാണല്ലോ സമ്മാനങ്ങൾ നൽകി ഏശാവിനെ പ്രീണിപ്പിക്കാനുള്ള പദ്ധതി യാക്കോബ് തയ്യാറാക്കുന്നത്. അതൊരു അടവായിരുന്നു. സമ്മാനം സ്വീകരിക്കുന്നവന് അത് നൽകുന്നവനോട് ചില കടപ്പാടുകളുണ്ട്. അന്നത്തെ ചില സങ്കല്പങ്ങളനുസരിച്ച് സമ്മാനം സ്വീകരിക്കുന്നവൻ അതിന്റെ ദാതാവിനെത്തന്നെയാണ് സ്വീകരിക്കുന്നത്. ശക്തരായ ആളുകളെ പ്രീതിപ്പെടുത്താൻ ബലഹീനർ സമ്മാനങ്ങൾ കൊടുക്കുന്ന സമ്പ്രദായം പണ്ടുകാലത്തുണ്ടായിരുന്നു. ഇന്നും ആ പതിവ് നിലനിൽക്കുന്നുണ്ട്. നിർബന്ധിച്ച് സമ്മാനം ഏശാവിനെക്കൊണ്ട് വാങ്ങിപ്പിക്കാനുള്ള കാരണം ഇതായിരുന്നു. ഇതുപോലെതന്നെ പ്രധാനപ്പെട്ട ഒരു സംഭവമായിരുന്നു ഒന്നിച്ച് ഭക്ഷണം കഴിക്കുക എന്നുള്ളത്. ഭക്ഷണം ഒന്നിച്ച് കഴിക്കുമ്പോൾ ഭക്ഷണവസ്തുവിൽ പങ്കാളികളാകുന്നു. അന്യോന്യമുള്ള വിധേയത്വത്തിന് അത് കാരണമായിത്തീരുന്നു. ലാബാനുമായുള്ള ഉടമ്പടി പ്രകാരം ഇരുവരും ഒന്നിച്ച് ഭക്ഷണം കഴിക്കുന്നതായി കാണാം. "അപ്പോൾ യാക്കോബ് ഒരു കല്ല് എടുത്ത് തൂണായി നിർത്തി... അവർ കല്ല് എടുത്ത് ഒരു കൂമ്പാരമുണ്ടാക്കി; കൂടാരത്തിന്മേൽ വച്ച് അവർ ഭക്ഷണം കഴിച്ചു. ലാബാൻ അതിന് സാക്ഷ്യത്തിന്റെ കൂടാരം എന്ന് പേരിട്ടു" (ഉല്പത്തി 31:45-47).

അപ്രതീക്ഷിതമായ സംഭവവികാസങ്ങളാണ് ഏശാവും യാക്കോബും തമ്മിൽ കണ്ടുമുട്ടുമ്പോഴുണ്ടാകുന്നത്. യാക്കോബിന്റെ ഒരുക്കങ്ങൾ വാസ്തവത്തിൽ അപര്യാപ്തങ്ങളായിരുന്നില്ല. പക്ഷേ അവ അനാവശ്യങ്ങളായിരുന്നു. പ്രതികാരവാഞ്ഛയുള്ള ഏശാവിനെയല്ല യാക്കോബ് കണ്ടുമുട്ടുന്നത്. വളരെ നാളുകളായി ഇളയ സഹോദരനെ കാണാൻ വെമ്പൽ കൊണ്ടിരുന്ന മൂത്ത സഹോദരനായാണ് ഏശാവ് രംഗത്ത് കാണപ്പെടുന്നത്. തികച്ചും വ്യത്യസ്തനായ ഏശാവ് - തനിക്കുള്ളതിൽ പൂർണ്ണമായ സംതൃപ്തി കണ്ടെത്തുന്നവൻ, ഉദാരൻ, സമാധാനപ്രിയൻ. യഥാർത്ഥത്തിൽ യാക്കോബിന്റെയും കുടുംബാംഗങ്ങളുടെയും സ്നേഹപ്രകടനങ്ങൾ ഏശാവിനെ വീർപ്പുമുട്ടിക്കുകതന്നെ ചെയ്തു. യാക്കോബിന്റെ വഴി സുഗമമാക്കുന്നത് ദൈവംതന്നെയാണെന്ന് കാണാം. സഹോദരന്മാർ തമ്മിലുള്ള ബന്ധത്തിൽ അനീതിയും ബലപ്രയോഗവും ഉണ്ടാകുന്നില്ല. യാക്കോബിന്റെ സ്വഭാവത്തിലും പ്രകടമായ മാറ്റം കാണാവുന്നതാണ്.

ഇതോടൊപ്പം യിസ്രായേൽക്കാരും ഏദോംകാരും തമ്മിലുള്ള കണ്ടുമുട്ടലിനെക്കൂടി ആവിഷ്കരിക്കുകയാണ് ഇവിടെ എന്നും വ്യാഖ്യാനമുണ്ട്.

◎

യുവലോകം - 88

ഫാ. ഡോ. തോംസൺ റോബി



# സ്വയം തിരിച്ചറിയുക

**കാ**ട്ടിലെ തേക്കുമരത്തിന് ആകാരഭംഗിയുടെ അഹങ്കാരമാണ്. താഴെ നിൽക്കുന്ന പുൽച്ചെടികളെ അതു കളിയാക്കും. ഒരു ദിവസം പരിഹാസത്തിനിടെ കൊടുങ്കാറ്റ് വീശി. പുൽച്ചെടികൾ കുനിഞ്ഞുനിന്നപ്പോൾ തേക്ക് അവയുടെ കഴിവില്ലായ്മയെ അവഹേളിക്കുവാൻ തുടങ്ങി. ചില്ലകൾ ചായ്ക്കാൻ ചെടികൾ പറഞ്ഞെങ്കിലും തേക്കുമരം തയ്യാറായില്ല. കാറ്റിന്റെ താണ്ഡവം കഴിഞ്ഞപ്പോഴേക്കും തേക്ക് നിലംപതിച്ചിരുന്നു. മണിക്കൂറുകൾക്കകം പുൽച്ചെടികൾ നിവർന്നുനിന്നു. "തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" എന്ന വേദവാക്യം ഇവിടെ തേക്കുമരം സ്വീകരിച്ചില്ല; പകരം വേരറ്റു നിലംപതിച്ചത് ഒരു വലിയ പാഠം നമ്മെ പഠിപ്പിക്കുന്നു. തലക്കനത്തോടെ നിൽക്കുമ്പോൾ കാൽച്ചുവട്ടിലെ മണ്ണിന്റെ കനം കൂടി മനസ്സിലാക്കണം. അതു തിരിച്ചറിയാത്തവർ ഇടതൂർന്നു നിൽക്കുന്ന ഇലകളുടെയും ഫലങ്ങളുടെയും മനോഹാരിതയിൽ മതിമറക്കും. അലങ്കാരങ്ങളുടെയെല്ലാം ആശ്രയം അടിത്തറയാണ്. അതിന് ഇളക്കം തട്ടിയാൽ പിന്നെ തലയെടുപ്പോ മെയ്യഴകോ ഇല്ല. അടിപതറാതിരിക്കുക എന്നതാണ് ഏതു മരവും ഉറപ്പുവരുത്തേണ്ട അടിസ്ഥാന കാര്യം.

"നമ്മുടെ കുറ്റങ്ങൾ ആത്മാർത്ഥതയോടെ ചൂണ്ടിക്കാണിക്കുന്നവരാരോ അവരാണ് വിശ്വസ്തർ" എന്ന് സോക്രട്ടീസ് പറഞ്ഞിട്ടുണ്ട്. തലക്കനത്തോടെ ഉയർന്നു നിൽക്കുന്ന എല്ലാം ആഞ്ഞുവീശുന്ന കാറ്റിൽ അമർന്നുപോകും. എന്നാൽ സ്വയം തിരിച്ചറിഞ്ഞ് വിനയത്തോടെ താഴ്മപ്പെടാൻ ഇടയായാൽ കാറ്റിനെ അതിജീവിക്കുവാൻ കഴിയും. "വികാരങ്ങൾക്ക് അടിമപ്പെടുന്ന മനസ്സ് കാറ്റിലാടുന്ന തൂവൽ പോലെയാണ്'' എന്ന വില്യം ഷേക്സ്പിയറിന്റെ വാക്കുകൾ നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. കൂടുതൽ ശക്തനാകാനുള്ള ആഗ്രഹവുമായി ഒരു രാജാവ് സന്യാസിയുടെ അടുത്തെത്തി. സന്യാസി പറഞ്ഞു: "നിങ്ങൾ മുന്നോട്ട് ഇരുപതു കിലോമീറ്റർ നടക്കുക. അതു കഴിയുമ്പോൾ ഒരു അത്ഭുതമരം കാണും. അതിലെ പഴം തിന്നാൽ നിങ്ങൾക്ക് നൂറിരട്ടി ശക്തി ലഭിക്കും. പക്ഷേ പോകുന്ന വഴിയിൽ നിങ്ങൾ ഒരു ദുർഭൂതത്തെ കാണും. അതിനെ അപ്പോൾ തന്നെ കൊല്ലണം.'' യാത്ര ആരംഭിച്ച രാജാവ് അധികദൂരമെത്തും മുൻപേ ഭൂതത്തെ കണ്ടു. ഈർക്കിൽ വലുപ്പമുള്ള അതിനെ കൊന്ന് തന്റെ വില കളയേണ്ടെന്നു തീരുമാനിച്ച് രാജാവ് പ്രയാണം തുടർന്നു. പക്ഷേ ഭൂതം പിന്നെയും പലതവണ പ്രത്യക്ഷപ്പെട്ടു. അപ്പോഴൊന്നും രാജാവ് ശ്രദ്ധിക്കാത്ത ഒരു കാര്യമുണ്ടായിരുന്നു. ഓരോ തവണയും ഭൂതത്തിന്റെ വലിപ്പം കൂടുന്നുണ്ടായിരുന്നു. അവസാനം തനിക്കൊപ്പമെത്തിയ ഭൂതത്തെ കീഴ്പ്പെടുത്താൻ രാജാവിന് നന്നേ കഷ്ടപ്പെടേണ്ടിവന്നു.

മുന്നറിയിപ്പുകളെ അവഗണിക്കരുത്. ചുവപ്പു തെളിയുന്നതിന് മുൻപ് മഞ്ഞ വെളിച്ചമുണ്ടാകും. എല്ലാ പ്രലോഭനങ്ങളെയും പരിഗണിക്കേണ്ടതില്ല. പക്ഷേ പടർന്ന് പന്തലിക്കാൻ സാധ്യതയുള്ളവയെ വേരോടെ പിഴുതെറിയണം. ചെറിയ ചെടികളുടെ വാക്ക് ശ്രദ്ധിക്കാത്ത തേക്കുമരം നിമിഷങ്ങൾക്കകം കടപുഴകി വീണത് മുന്നറിയിപ്പിനെ അവഗണിച്ചതിനാലാണ്. ഒരു പ്രലോഭനവും ആദ്യം പ്രഹരമേൽപിക്കയില്ല, അടുത്തുകൂടി സുഖാനുഭവം സമ്മാനിക്കുകയേ ഉള്ളൂ. തന്ത്രപരമായിട്ടായിരിക്കും ഓരോ പ്രലോഭനത്തിന്റെയും ഇടപെടൽ. ഒന്നുകിൽ അകറ്റാനാവാത്ത വിധം അടുക്കും. അല്ലെങ്കിൽ അടുക്കാനാകാത്ത വിധം അകലും; അഥവാ ശക്തി ക്ഷയിപ്പിക്കും. എല്ലാ പ്രശ്നങ്ങളെയും നിസ്സാരവൽകരിക്കുന്നു എന്നതാണ് തോറ്റുപോകുന്നവരുടെ പരാജയ കാരണം. വെടിക്കോപ്പുകളെക്കാൾ മാരകം വൈറസുകളാണെന്ന തിരിച്ചറിവിൽനിന്നാണ് പ്രതിരോധപാഠങ്ങൾ രൂപപ്പെടുത്തേണ്ടത്.

"ചങ്ങലകളെല്ലാം നമ്മൾതന്നെ നിർമ്മിച്ചതാണ്, അവ പൊട്ടിക്കുവാനും നമുക്കേ കഴിയൂ" എന്ന സ്വാമി വിവേകാനന്ദന്റെ വചനം അർത്ഥവത്താണ്.

തെറ്റു ചെയ്യുന്നതിനെക്കാൾ ശ്രമകരമാണ് അത് ഒളിപ്പിക്കുന്നത്. നമ്മിലുള്ള ഞാനെന്ന ഭാവം തെറ്റു ചെയ്താലും തലയെടുപ്പോടെ നിൽക്കുവാൻ പ്രേരിപ്പിക്കുന്നു. പക്ഷേ എത്ര ഉറച്ചു നിന്നാലും തെന്നിവീഴാൻ ഇടയാകും. കൊട്ടാരത്തിൽനിന്ന് സ്വർണ്ണം മോഷ്ടിച്ചയാളെ കണ്ടെത്തുവാൻ രാജാവ് ബീർബലിന്റെ സഹായം തേടി. സേവകരെയെല്ലാം വിളിച്ചുനിർത്തി ചോദ്യം ചെയ്തെങ്കിലും എല്ലാവരും കുറ്റം നിഷേധിച്ചു. ബീർബൽ എല്ലാവർക്കും തുല്യ നീളമുള്ള ഓരോ കമ്പ് നൽകിയശേഷം പറഞ്ഞു, "ഇതു കള്ളം തെളിയിക്കാനുപയോഗിക്കുന്ന വടിയാണ്. മോഷ്ടിച്ചയാളുടെ കമ്പിനു നാളെ രണ്ടിഞ്ച് നീളം കൂടുതലുണ്ടാകും." നാളെ ഇതേ സമയത്ത് എല്ലാവരുമെത്തുക. പിറ്റേന്ന് എല്ലാവരുടെയും കമ്പിന്റെ നീളം നോക്കിയപ്പോൾ ഒരാളുടെ കമ്പിന് മാത്രം രണ്ടിഞ്ച് നീളം കുറവായിരുന്നു. ബീർബൽ പറഞ്ഞു: "ഇയാളാണ് കുറ്റവാളി." അതെങ്ങനെ തിരിച്ചറിഞ്ഞെന്ന് രാജാവ് ചോദിച്ചപ്പോൾ മറുപടി ഇങ്ങനെയായിരുന്നു. "വടിയുടെ നീളം കൂടുമെന്ന് പേടിച്ച് ഇയാൾ ഇന്നലെ തന്റെ വടിയുടെ രണ്ടിഞ്ച് മുറിച്ചുകളഞ്ഞു." തല ഉയർത്തി നിന്ന ആ കള്ളന് തെറ്റ് സമ്മതിക്കേണ്ടിവന്നു. ഇതാണ് നാം തിരിച്ചറിയേണ്ടത്. ആത്മാഭിമാനവും സ്വാതന്ത്ര്യവും ഇല്ലാതാക്കുന്ന കർമ്മങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുക. ഭയപ്പെടുത്തുന്ന തെറ്റുകൾ ചെയ്യാതിരിക്കുക.

ആരും പൂർണ്ണരല്ല. എല്ലാവരിലും കുറവുകൾ ഉണ്ട്. ഒരു ന്യൂനതയും ഇല്ലാത്തയാളല്ല വിശുദ്ധൻ; തന്റെ കുറവുകളെ തിരിച്ചറിഞ്ഞ് തിരുത്താൻ തയ്യാറാകുന്നവനാണ്. താനാണ് ശരിയെന്ന അഹംഭാവം അവനില്ല. ശിഷ്യരുമായി സംസാരിച്ചുകൊണ്ടിരുന്ന സോക്രട്ടീസിന്റെയടുത്ത് എത്തിയ ജ്യോത്സ്യൻ പറഞ്ഞു: "എനിക്ക് മുഖം നോക്കി സ്വഭാവം പറയാനാകും. താങ്കളുടെ മൂക്ക് നോക്കിയാൽ താങ്കൾ വലിയ ദേഷ്യക്കാരനാണെന്നറിയാം. തലയുടെ ആകൃതി കണ്ടാൽ അത്യാഗ്രഹം വ്യക്തമാകും. കവിളു കണ്ടാൽ താങ്കൾ താന്തോന്നിയാണെന്ന് മനസ്സിലാകും. ചുണ്ടുകളും പല്ലുകളും താങ്കളുടെ വിമത സ്വഭാവം വ്യക്തമാക്കുന്നു." അദ്ദേഹം എല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ ജ്യോത്സ്യന് സമ്മാനവും നൽകിയാണ് സോക്രട്ടീസ് അയച്ചത്. ഇത്രയധികം കുറ്റങ്ങൾ മുഖത്തുനോക്കി പറഞ്ഞിട്ടും നിശ്ശബ്ദനായിരുന്നതെന്തെന്ന് ശിഷ്യർ ചോദിച്ചപ്പോൾ സോക്രട്ടീസ് പറഞ്ഞു: "അയാൾ പറഞ്ഞ ചില കാര്യങ്ങൾ ശരിയാണ്. പക്ഷേ അയാൾ ഒരു കാര്യം വിട്ടുപോയി. ഈ പോരായ്മകളെ നിയന്ത്രിക്കുവാനും തിരുത്തുവാനുമുള്ള ആത്മശക്തി എനിക്കുണ്ട് എന്ന കാര്യം." ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നത് യഥാർത്ഥ ജ്ഞാനി തനിക്കും തെറ്റു പറ്റും എന്ന് അംഗീകരിക്കുന്നവനാണെന്നാണ്. തന്റെ തെറ്റുകളെ ചൂണ്ടിക്കാട്ടുന്നവരോട് അവർക്ക് പകയില്ല. പകരം സ്വയം തിരുത്താൻ ശ്രമിക്കും.

എന്നാൽ ഇന്നത്തെ ലോകം തെറ്റുകൾ ചെയ്താലും അത് വൻ കാര്യമാണ് എന്ന ഗർവ്വിൽ തല ഉയർത്തി നിൽക്കുകയാണ്. ഇന്നത്തെ യുവതലമുറ പഠിക്കേണ്ട പാഠമാണ് തലയെടുപ്പോടെ നിൽക്കുമ്പോൾ കാലിനടിയിലെ മണ്ണ് ഒഴുകിപ്പോകാതിരിക്കാനും ശ്രദ്ധിക്കുക എന്നത്. തെറ്റുകൾ മനുഷ്യസഹജമാണ്. എന്നാൽ മറ്റുള്ളവരുടെ പോരായ്മകളിൽ ആത്മസംതൃപ്തിയും സന്തോഷവും കണ്ടെത്തുന്ന അനേകരുണ്ട്. പോരായ്മകൾ നിരത്തുമ്പോൾ പരിശോധിക്കപ്പെടേണ്ടത് പറയുന്ന ആളിന്റെ യോഗ്യതയല്ല പറയുന്ന കാര്യങ്ങളിലെ യാഥാർത്ഥ്യമാണ്. അത് തിരിച്ചറിയാതെ തെറ്റുകളെ തെറ്റുകൾ കൊണ്ടും കള്ളപ്രചരണങ്ങൾ കൊണ്ടും മറയ്ക്കുവാൻ നോക്കുന്നത് ഇരുട്ടു കൊണ്ട് ഓട്ട അടയ്ക്കുന്നതുപോലെയാണ്. തേക്കുമരം കടപുഴകി വീണപ്പോൾ പുൽച്ചെടികൾക്ക് ധൈര്യത്തോടെ പിടിച്ചുനിൽക്കാൻ കഴിഞ്ഞത് അവയുടെ കഴിവുകേടുകളേയും, ബലഹീനതകളേയും, അതോടൊപ്പം വിനയത്തിന്റെ പാഠങ്ങളേയും അറിയാവുന്നതുകൊണ്ടാണ്. ഹെൻട്രി ബീച്ചർ എന്ന അമേരിക്കൻ പ്രഭാഷകൻ പറയുന്നു: "വായിക്കുന്നതല്ല, ഓർമ്മിച്ചുവയ്ക്കുന്നതാണ് നമ്മെ വിജ്ഞാനമുള്ളവരാക്കുന്നത്." ഓർമ്മപ്പെടുത്തലുകൾ നമ്മെ തികവുള്ളവരാക്കാനാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകുമ്പോൾ അത് നമ്മെ എളിമപ്പെടുത്തും. തെറ്റുകൾ തിരുത്തുവാനുള്ളതാണ്. ◎

വീക്ഷണം

ഫാ. സി.എ. ഐസക്ക്



# കാൽകഴുകൽ ശുശ്രൂഷ: ജനങ്ങളിലേക്കെത്തിച്ചേരണം

കഷ്ടാനുഭവ ആഴ്ചയിൽ അഭിവന്ദ്യ പിതാക്കന്മാർ ആഘോഷപൂർവ്വം അനുഷ്ഠിക്കുന്ന ശുശ്രൂഷ ആണല്ലോ കാൽകഴുകൽ. അഭിവന്ദ്യ തിരുമേനിമാരെ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷയ്ക്കു മിക്ക ദേവാലയങ്ങളും ക്ഷണിക്കുന്നതുതന്നെ ഈ മഹത്തായ ശുശ്രൂഷ ആ ഇടവകയിലെ ഇളംതലമുറയ്ക്കു പരിചയപ്പെടുത്തിക്കൊടുക്കുവാനും, എളിമയും താഴ്മയും നമ്മിൽ വളർത്തുന്നതിൽ ഉത്സുകരാകണം എന്ന സന്ദേശം അവർക്കും ഇടവകയ്ക്കാകമാനവും നൽകുന്നതിനും വേണ്ടിയാണ്. കാൽകഴുകൽ ശുശ്രൂഷ മെത്രാപ്പോലീത്തന്മാർക്കല്ലാതെ താഴോട്ടുള്ള ഒരു വൈദികസ്ഥാനിക്കും നിർവ്വഹിക്കുവാൻ അവകാശവും അധികാരവും ഇല്ലാത്തതിനാൽ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ അത് നിർവ്വഹിക്കുമ്പോൾ വളരെ ആവേശത്തോടും ഭയഭക്ത്യാദരവോടും ജനങ്ങൾ സ്വീകരിക്കുന്ന കാഴ്ച നമ്മുടെ സഭയിൽ സർവ്വസാധാരണമാണ്.

ആധുനിക ലോകത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ ഈ വിഷയത്തിന്റെ ആന്തരികസത്ത വിശ്വാസി സമൂഹത്തിന്റെ പൊതു മനഃസാക്ഷിയിൽ മായാത്ത മുദ്രയായി ആലേഖനം ചെയ്യേണ്ടതിന്റെ അനിവാര്യത സഭാനേതൃത്വം തിരിച്ചറിയണം എന്ന എളിയ നിർദ്ദേശമാണ് ഈ ലേഖനത്തിലൂടെ മുന്നോട്ടുവയ്ക്കുവാൻ ആഗ്രഹിക്കുന്നത്.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ കേന്ദ്ര പ്രമേയം സ്നേഹവും ശുശ്രൂഷയുമാണ്. പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഈ രണ്ടു മഹത്തായ മൂല്യങ്ങളിൽ ക്രിസ്തീയ ദൈവശാസ്ത്രവും സാമൂഹ്യശാസ്ത്രവും ഉറപ്പിച്ചിരിക്കുന്നു. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാനും വേണ്ടിയത്രേ. എന്തൊരു വലിയ ശ്രേഷ്ഠമായ സന്ദേശമാണ് മനുഷ്യസാഹോദര്യത്തിനു കർത്താവു നൽകിയത്! “തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും”; ഉയരുവാനും വളരുവാനും ആഗ്രഹിക്കുന്നവർ സ്വയം താഴുവാനും വിനയപ്പെടുവാനും തയ്യാറാകണം എന്ന് പഠിപ്പിക്കുകയും, സ്വന്ത ജീവിതത്തിലൂടെ അതു കാണിച്ചുതരികയും ചെയ്തവനാണ് നമ്മുടെ കർത്താവ്.

യേശുക്രിസ്തു ലോകത്തിന്റെ രക്ഷകനാണ്. ലോകത്തിന്റെ മദ്ധ്യേ യേശുക്രിസ്തുവിനെ മനസ്സിലാക്കിക്കൊടുക്കുവാൻ ലഭിക്കുന്ന ഏറ്റവും സുവർണ്ണമായ ഒരു അവസരം ആണ് നമ്മുടെ കാൽകഴുകൽ ശുശ്രൂഷ.

കാൽകഴുകൽ ശുശ്രൂഷയോളം ജനമനസ്സുകളെ സ്വാധീനിക്കുന്ന ഒരു ശുശ്രൂഷ വേറെ ഇല്ല എന്നുതന്നെ പറയാം. ഈ ശുശ്രൂഷയിലൂടെ യേശുക്രിസ്തു, താൻ എന്തിനു ഈ ലോകത്തിലേക്കു വന്നു എന്നും തന്റെ പ്രസംഗവും പ്രവൃത്തിയും രണ്ടല്ല എന്നും ലോകജനതയെ ബോധ്യപ്പെടുത്തുകയായിരുന്നു. അതുകൊണ്ടുതന്നെ ക്രൈസ്തവ സുവിശേഷത്തിന്റെ മകുടമായി ഈ ശുശ്രൂഷയെ



ആശുപത്രി വാസത്തിന് ശേഷം
ആരോഗ്യ പരിപാലനത്തിനും
വാർദ്ധക്യകാല പരിചരണത്തിനും
എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത്
PRESIDENCY HOMES
Paramara Road, Ernakulam Town
(Adjacent to Hotel Presidency)
• 24 മണിക്കൂറും നേഴ്സിംഗ് പരിചരണം
• ഫിസിയോതെറാപ്പിയുടെയും മറ്റു തെറാപ്പികളുടെയും സേവനം
• ആധുനിക സൗകര്യങ്ങളോടുകൂടിയ A/C മുറികൾ
• എറണാകുളത്തെ എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിൽ നിന്നും 20 മിനിട്ട് ദൂരം മാത്രം
MANAGED BY
TRAVANCORE FOUNDATION
MEMBER
Christian Medical Association of India
ASLI
SLAK
PB No. 17, Karukachal P.O., Kottayam-686540
Visit us at: www.travancorefoundation.com
Contact us on: 95447 17070, 95398 24500
E-mail: contact@travancorefoundation.com
TF ERCA
The First choice for Senior Care Services in Kerala since 2009.

കാണുവാനും ഇതു ജനങ്ങളിലേക്ക് എത്തിക്കുവാനും നമുക്ക് കഴിയണം.

മൂന്നു നിർദ്ദേശങ്ങൾ ഇതു സംബന്ധിച്ച് മുന്നോട്ടു വയ്ക്കുവാൻ ആഗ്രഹിക്കുന്നു:

1. കഷ്ടാനുഭവ ആഴ്ചയിലെ പെസഹാദിവസം മേല്പ്പട്ടക്കാർ മാത്രം നിർവ്വഹിക്കുന്ന ശുശ്രൂഷ എന്ന പരിമിതി നീക്കം ചെയ്യുക.
2. എല്ലാ പെസഹാ വ്യാഴാഴ്ചയും എല്ലാ ദേവാലയങ്ങളിലും ഈ ശുശ്രൂഷ നടത്തുവാൻ ക്രമീകരണം ചെയ്യുക.
3. ശുശ്രൂഷയുടെ ദൈർഘ്യം പരിമിതപ്പെടുത്തുക.

പട്ടംകൊട, പള്ളിക്കൂദാശ, മൂറോൻകൂദാശ മുതലായവ പോലെ മേൽപ്പട്ടക്കാർ മാത്രം നിർവ്വഹിക്കുന്ന ശുശ്രൂഷയായി ഈ കൂദാശയെ പരിമിതപ്പെടുത്താതിരിക്കുക. നമ്മുടെ വൈദികർക്ക്, അതായത്, വൈദിക ശുശ്രൂഷയിൽ 25 വർഷമെങ്കിലും പൂർത്തിയായവർക്ക് ഈ ശുശ്രൂഷ നടത്തുവാൻ അധികാരം നൽകാവുന്നതാണ്. അങ്ങനെയെങ്കിൽ നമ്മുടെ മിക്കവാറും എല്ലാ ദേവാലയങ്ങളിലും ഈ ശുശ്രൂഷ നടത്തുവാൻ സാധിക്കും. ബാഹ്യകേരളത്തിലെ പല ഇടവകകളിലെയും സേവനകാലത്ത് ചെറുപ്പക്കാരും വിദ്യാർത്ഥികളും പ്രായമുള്ളവരും ഒക്കെ ഈ ശുശ്രൂഷ ഒന്നു കാണുവാനുള്ള അതിയായ ആഗ്രഹം പ്രകടിപ്പിക്കുന്നതു കണ്ട് ഞാൻ വേദനിച്ചിട്ടുണ്ട്. കാരണം അവിടുത്തെ പശ്ചാത്തലത്തിൽ ഏതെങ്കിലും പ്രധാന നഗരത്തിൽ എത്തുന്ന തിരുമേനിയുടെ ശുശ്രൂഷ കാണണമെങ്കിൽ ചിലപ്പോൾ ഒരു ദിവസത്തെ വഴിയാത്രതന്നെ വേണ്ടിവന്നെന്നിരിക്കും. അതുകൊണ്ടുതന്നെ പലരും പങ്കെടുക്കുവാൻ കഴിയാതെ നിരാശരാകും. ഗംഗാതീരത്ത് നമ്മുടെ പ്രധാന മന്ത്രി നരേന്ദ്രമോദി കഴിഞ്ഞ മാസം ഭക്തരുടെ കാൽ കഴുകുന്ന ദൃശ്യം വാട്സാപ്പ് ഗ്രൂപ്പുകളിൽ വൈറലായി വന്നപ്പോൾ പലരുടെയും മനസ്സിൽ രൂപപ്പെട്ട ആശയം ആണ്, നമുക്ക് സ്വന്തമായ ഈ ശ്രേഷ്ഠ കൂദാശ എന്തിന് കട്ടിൽകീഴിലോ പറയിൻകീഴിലോ ഒളിച്ചു വയ്ക്കുന്നു എന്ന്.

ഈ ശുശ്രൂഷയ്ക്ക് പാരസ്പര്യത്തിന്റെയും സാഹോദര്യത്തിന്റെയും അനുരഞ്ജനത്തിന്റെയും എളിമയുടെയും ഒക്കെ മുഖം ഉണ്ടെന്ന തിരിച്ചറിവ് ജനങ്ങളിലേക്ക് എത്തിക്കുവാനും, അങ്ങനെ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ നല്ല മൂല്യം വരുംതലമുറ അഭിമാനത്തോടെ ആസ്വദിക്കുവാനും, മറ്റുള്ളവരുടെ മുമ്പിൽ അതു സാക്ഷ്യമായി ഉയർത്തിക്കാട്ടുവാനും ഇടയാകട്ടെ എന്ന് പ്രത്യാശിക്കുന്നു. ◎

യോഹന്നാൻ 13:14-15

*"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽത്തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു."*

യാക്കോബ് 4:10

*"കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവൻ നിങ്ങളെ ഉയർത്തും."*

# “ഇലഞ്ഞിക്കൽ ജോൺ: മങ്കോട്ടയിലെ മഹർഷി”

**ജീവചരിത്രപ്രകാശനം**

**2023 ഏപ്രിൽ 16, ഞായർ**

**സ്ഥലം: നിരണം സെന്റ് മേരീസ് പള്ളി**

മലങ്കര സഭാചരിത്രത്തിൽ കാതോലിക്കേറ്റിനുവേണ്ടി ശക്തമായ നിലപാടെടുത്ത സമുന്നതനേതാവായ ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ ബഹുമുഖ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന സചിത്രജീവചരിത്രത്തിന്റെ പരിഷ്കരിച്ച രണ്ടാം പതിപ്പ് 2023 ഏപ്രിൽ 16 ഞായറാഴ്ച 10 മണിക്ക്, അദ്ദേഹം ട്രസ്റ്റിയായിരുന്ന നിരണം സെന്റ് മേരീസ് പള്ളിയിൽ വച്ച്, ഭദ്രാസന മെത്രാപ്പോലീത്തായും പ. സുന്നഹദോസ് സെക്രട്ടറിയുമായ **അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി** പ്രകാശനം ചെയ്യുന്നതാണ്.

**ശ്രീ. കെ.സി. ഈപ്പൻ കണ്ടത്തിൽ പ്രസംഗിക്കും.**

ഗ്രന്ഥകർത്താക്കൾ : **അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ,**
**കെ.വി. മാമ്മൻ കോട്ടയ്ക്കൽ**

**വില: 300.00 രൂപാ**

സഭാചരിത്ര-ജീവചരിത്രപ്രധാനമായ എല്ലാ പുസ്തകങ്ങളും
‘സഭയെ ദ്രോഹിച്ചു നശിച്ച ശല്യക്കാരും’
എന്ന പുതിയ പുസ്തകവും 30% വിലകുറച്ചു വിറ്റുവരുന്നു.

കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, മാങ്ങാനം
കോട്ടയം-18. ഫോൺ : 0481 - 2578936

Life Style

Dr. Annie David

# Humility - Feigned or Real?





I expect many people to agree with me if I say that feigned humility is a common irritant these days; many people have the habit of feigning humility. But, occasionally, if you see a child doing it, you are likely to feel something worse than irritation; you will feel sad that surely something was amiss in the child's upbringing. Children naturally feel happy and elated when they have done well in something at school or elsewhere; that is the most spontaneous emotion to come up in their minds on such occasions. This is expected, and there is nothing wrong if this happens. Children come home and happily announce to all at home that they achieved something; it creates a very pleasant experience for everyone at home. There is nothing more desirable than shared happiness in one's home-life. But, if a child decides to keep the information a secret from everybody outside the home, I would say that something is badly amiss in the child's upbringing.

A child's circle of love should encompass much more than the immediate family. Usually there are uncles and aunts, granduncles and grandaunts, who love the child just as much, and would take pleasure in sharing the happiness with the family. The most natural thing for the child to do would be to use the telephone to share the good news with the extended family. This is not pride, but a perfectly legitimate expansion of the circle of pleasure. As long as the child does not strut about like a proud peacock with a head held high and a nose stuck out, announcing his achievement to all and sundry, the parents need not interfere; legitimate pleasures are a child's birth-right. Parents should develop a right understanding of what contributes to the healthy growth of their child's mind.

When children are checked at home in their enjoyment of healthy pleasures, they are likely to develop the wrong understanding that it is important for them to learn to be restrained and subdued; these are virtues to be learnt and practised with prudence and maturity. Healthy pleasures make the right contributions towards a child's spontaneous development to maturity. Parents should know when to intervene, correct and teach their children, and when to leave them alone. Never 'teach' them to be humble; they will only learn to feign humility. Real humility is noticed when a child gracefully acknowledges a recognition won and shares the happiness with all the loved ones.

It is genuine humility that enables a person to put up with the ill-treatment given and the humiliation caused by others. During the Passion Week that has just gone by, didn't we see how patiently Jesus endured all this and much more - all the suffering that culminated in His death on the Cross. The joy that ensues His resurrection on Easter Sunday is the reward for those who suffered with Him. The deeper the suffering and the fuller the joy that we experienced, the longer will the enriching experience continue to guide as through life's journey! ◎


നിങ്ങൾ ഉപയോഗിക്കുന്നത്
തികച്ചും 100%
മുളകുപൊടിയാണോ?
www.kitchentreasures.in
WORLD'S LARGEST
CHILLI COMPANY
Synthite
KITCHEN TREASURES
100%
CHILLI POWDER
KITCHEN™ TREASURES
A world of 100%

Reflections

Leela Kuruvilla



# Women and the Importance of Health

A woman is the corner stone of a family's overall health. Her mental and physical health are of prime importance for the well-being of the family. Life in the family revolves around her.

Today woman has, no doubt, achieved equality with man in almost all spheres of life - from driving heavy vehicles to climbing mountains or even going to outer space. "Hum kisi se kum nahi" – she stands shoulder to shoulder with man, venturing into the various arenas which were never dreamt of being handled by her. Kudos for that.

On the flip side, women, by nature, are more concerned about the health of her family members – her spouse, children, parents, in-laws and others, even to the extent of being over-concerned about the pets in her house. In the bargain, she ignores her own health. She does not undergo routine health checkups, small ailments are ignored or treated by self, and only when they worsen to an unmanageable situation she seeks the help of doctors.

On March 8, International Women's Day, I had the opportunity to contribute to a talk show. The theme was "Women and the Importance of Health". India now ranks 10th out of 156 nations in terms of gender disparity. This disparity is mainly in the matter of women's access to health care.

I would personally blame us women for neglecting our own health till it gets out of our hands. There is nothing wrong in spending a few hours a day for one's own sake. It can be for personal grooming, or for prayer and meditation, or for pursuing some hobby, etc..


A woman goes through different stages of life, with associated emotional stress, like menarche, marriage, delivery, pre and post partum experiences, and menopause.

There may be negative life experiences like infertility issues, divorce, loss of a kid before or after delivery, discrimination, isolation, neglect by one's own partner... all these lead to stress related diseases.

A classic example of today's youth ignoring one's own health in the pursuit of job, deadlines and money making, is seen in the confession by the TV anchor-cum-film actress Subi Suresh, before she succumbed to death at the prime age of 41. She entertained us through her various programs like Cinemala, Kuttipattalam etc, but her long working hours, skipping of meals, irregular sleep patterns, not having medicines on time, etc, all culminated in her collapse at this early age.

We sacrifice our health to make wealth, but later we realize that wealth cannot buy health. Health is the biggest wealth, so let us give health the first priority, everything else will follow. ◎

**"A woman is the full circle. Within her is the power to create, nurture and transform."**
**– Diana Mariechild**


SOUKYA®
DR. MATHAI'S
HOLISTIC HEALTH CENTRE
WELLNESS PROGRAMMES
• Stress Management
• Weight Management
• Anti-ageing
• Detoxification
• Rejuvenation
• Ayurveda Special
FEATURES
• 30 acre certified organic farm
• 25 luxurious rooms (Deluxe to Suites)
• 44 treatment rooms
• Fresh ovo-vegetarian cuisine
• Library
• Walking track
• Herbal garden (Over 200 medicinal plants)
• Guest from over 70 nationalities
MEDICAL PROGRAMMES
• Arthritis Management
• Cardiac Hypertension
• Diabetes Management
• Asthma Management
• Neuro-muscular disorders
• De-addiction
Awarded 'Best Wellness Centre' -Ministry of Tourism and
India's 1st NABH Accredited AYUSH Hospital for Ayurveda, Homeopathy, Yoga & Naturopathy
Soukya Road, Whitefield, Bangalore - 560 067. Tel: +91 80 28017000-08
Mob: +91 98453 74400 Email: info@soukya.com

Elizabeth Mathai

# Doubting and Believing





Often people remember or talk about St. Thomas as ‘doubting Thomas’. Was he the only one who doubted, to be called by that nick name?

When we read about the resurrection of Jesus in the Gospels, we see that there are others who doubted or didn't believe or did not understand what Jesus told them about His resurrection.

Jesus predicted His death 3 times:

1) At Caesarea Philippi Jesus told His disciples that He must go to Jerusalem and suffer many things at the hands of the elders, chief priests and teachers of the Law, and that He must be killed, and on the 3rd day be raised to life (Mt. 16:21).

2) After healing the epileptic boy He was travelling through Galilee. He told His disciples, "The Son of Man is going to be betrayed into the hands of men. They will kill him and after three days he will rise” (Mk. 9:31).

3) When Jesus decided to go to Jerusalem, He took His disciples aside and told them that everything that is written by the prophets about the Son of Man would be fulfilled and He would be handed over to the Gentiles who would mock Him, insult Him, spit on Him, flog Him and kill Him, and He would rise on the third day (Lk. 18:31-33).

Everything happened as He predicted and He was crucified as the 'Lamb of God'.

Very early on the third day, i.e., first day of the week, Mary Magdalene with other women went to the tomb of Jesus with spices to anoint his body. It means that they did not grasp the fact that He would rise again - they saw the empty tomb. The angels told them that Jesus was risen. Yet Mary Magdalene was thinking that someone had carried Him away.

The women reported to the disciples about the empty tomb. Peter and John ran to the garden to check. They saw the strips of linen and the scarf. They returned. Mary stood there crying when the resurrected Jesus addressed her. She then believed.

Jesus appeared to Simon Peter; then he too believed. Two men going to Emmaus were talking about all that happened in Jerusalem during the Passover weekend. Jesus joined them as a fellow traveller but explained to them about the suffering of Messiah prophesied by the prophets and what was written in the scripture. In their house when Jesus took the bread, gave thanks, broke it and gave them, their eyes opened and they knew that it was

(Contd. on page 31)

# HDFC Bank, the one-point solution to all your financial needs

We understand your need for convenient and world class banking.




**Bank with us to enjoy:**

- Wide range of products and services
- Large network of over 5000+ branches and 15000+ ATMs across India
- Quick access to your funds through ATMs, PhoneBanking and NetBanking

Our range of products and services include:



- Savings Regular Accounts
- Savings Max Account
- Current Accounts
- Doctors Account



- Mutual Funds
- Insurance
- Demat Account
- Wealth Services

Conditions apply



- Personal Loan
- Two-Wheeler Loan
- Auto Loan
- Home Loan
- Business Loan
- Loan Against Property
- Gold Loan
- Loan Against Security
- Loan on Credit Card
- Working Capital Finance


**HDFC Bank Ltd**
**Poornima Building, Ground Floor, Near**
**NH Byepass Junction, Aluva - 683101**
**Mob: 70342 55222**

**HDFC BANK** | INDIAS No.1 BANK

Meditation

Sabu George Kadammanitta

# Holy Qurbana



**H**oly Qurbana, a real mystery!

**O**ffering of souls that uplifts the Church to heaven!

**L**iving Sacrifice of the only begotten Son

**Y**ielding to shoulder the curse on Adam

**Q**urbano, the slaughter of the innocent Lamb of God!

**U**ltimate master plan of the Holy Trinity

**R**edemption through His precious blood shed on the Cross!!

**B**read of Life broken into pieces for us!

**A**doration and thanksgiving in ceremonial worship!!

**N**evertheless sharing the Holy Flesh and Blood of Christ

**A**bsolute atonement and Sacrament!!!

(Continued from page 8): Meditations...

Our prayers and our praises ascend with the incense we offer in our Qurbanas and at other times, and we make good memorial for those who have passed beyond our ken.

Some day the shadows will flee away, and we shall be united with the whole company of the faithful departed, where pain and sorrow will be banished for ever in the brightness of the presence of Christ. That is guaranteed for us, because the Saviour closed his eyes in death upon the Tree of the Cross. It is that Tree of Life upon the summit of Calvary that has given to Christians the hope of happiness to come. For the Cross is also a ladder reaching from the gates of death, through the waiting-place to the throne of God our Father. That was what Jesus accomplished by his death. He opened for all time the way to the eternal Father. Heaven is where Jesus is, so in some measure, heaven is on earth as well as in Paradise. That is what the Church understands when she says that by Baptism we are made "Inheritors of the Kingdom of heaven."

But there are greater joys to come, for now we see through a glass darkly and only know in part. But, because Jesus has tasted death for us sinners, the time will come when our earthly pilgrimage is over, and our waiting time in Paradise past, for us to see our Lord face to face and to know him as he is, to which consummation may God in his mercy bring us. Amen. ◎



FEDERAL BANK
Start
a new life
FEDERAL HOME LOANS
• 30 - year payback tenure
• Flexible repayment to save on interest
• Home Plus loans on attractive terms
HOME
GOLD LOANS
Federal Bank offers you
higher loan amounts at lower interest rates.
KEY FEATURES
• Low rate of interest
• Minimal paper work and quick disbursement
• Instant sanction & hassle-free processing
• Higher per gram rates
• Convenient repayment and flexible tenures
• Gold loans with EMI repayment facility available
Attractive interest rates
CELESTA
A truly spectacular personalised banking experience
Family Banking program
Wealth Management Services
Relationship Banking
For more details visit www.federalbank.co.in/celesta or
email to celestacare@federalbank.co.in
1800 420 1199
1800 425 1199
www.federalbank.co.in

(Continued from page 14): Ecospot

4. നദിയോരങ്ങളിൽ നടത്തപ്പെടുന്ന മതസമ്മേളനങ്ങൾ മുഖാന്തരം ജലമലിനീകരണം, വായുമലിനീകരണം, ശബ്ദമലിനീകരണം എന്നിവ ഉണ്ടാകാതിരിക്കുന്നതിനു വിശ്വാസസമൂഹങ്ങൾ കൂടുതൽ ശ്രദ്ധിക്കുകവേണം.

5. വെള്ളം ജീവന്റെ പ്രതീകമാണെന്നുള്ള അറിവിനനുസരണമായി നദികളും തടാകങ്ങളും കിണറുകളും നീർച്ചാലുകളും കുളങ്ങളും സംരക്ഷിക്കുന്ന എല്ലാ പ്രവൃത്തികൾക്കും തദ്ദേശ സ്ഥാപനങ്ങളും വിശ്വാസസമൂഹങ്ങളും പ്രത്യേകം പ്രോത്സാഹനം നൽകേണ്ടതാണ്. മഴവെള്ള സംഭരണികൾ എല്ലാ വീടുകളിലും സൂക്ഷിക്കേണ്ടതുണ്ട്.

6. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന ചിന്തയ്ക്കനുസരണമായി പ്ലാസ്റ്റിക്, ഇലക്ട്രോണിക്, പേപ്പർ, ഗ്ലാസ്സ്, മെറ്റൽ തുടങ്ങിയ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് പുനഃചംക്രമണത്തിനായി കൈമാറേണ്ടതാണ്. Beat plastic pollution എന്നതായിരുന്നു UN-ന്റെ 2018-ലെ പരിസ്ഥിതി ചിന്താവിഷയം.

7. പോപ്പ് ഫ്രാൻസിസിന്റെ 'ലൗദാത്തേ സി' (I Praise Thee) എന്ന പരിസ്ഥിതി പ്രബോധനത്തിനു പ്രചാരം നൽകേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണം കരുണയുടെ ദിവ്യശുശ്രൂഷയായി കരുതുകയും വിശ്വാസസമൂഹങ്ങൾ മതവ്യത്യാസം കൂടാതെ പ്രകൃതി സംരക്ഷണം ദൈവവിശ്വാസത്തിന്റെ അവിഭാജ്യഘടകമായി കരുതുകയും ചെയ്യേണ്ടതാണ്.

8. ദുരന്തനിവാരണ തയ്യാറെടുപ്പുകളും പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്ന ഷോപ്പുകൾ ഗവൺമെന്റും വിശ്വാസസമൂഹങ്ങളും വിവിധ സ്ഥലങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

9. RIO+20-യിൽ നിർദ്ദേശിക്കുന്ന പരിസ്ഥിതി ബദൽ നിർദ്ദേശങ്ങൾ (ഭക്ഷ്യസുരക്ഷ, ഹരിത ഊർജ്ജം, ശുദ്ധജല വിപണനം, ഹരിത തൊഴിലുകൾ, സമുദ്രവിഭവങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ്, പരിസ്ഥിതി ദുരന്തനിവാരണം) വികസന മാതൃകകളായി സ്വീകരിക്കുകയും വികസനവും പരിസ്ഥിതിയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളായി പരിഗണിക്കുകയും ചെയ്യേണ്ടതാണ്. ◎

---

(Continued from page 27): Doubting...

Jesus. They ran back to Jerusalem to tell the disciples.

While they were talking Jesus appeared to the ten disciples, showed them his hands and ate a piece of broiled fish. Then they believed.

Thomas was not with them when Jesus appeared to the 10 disciples. So he did not believe their story. Only when Jesus appeared to him and showed him his hands and asked him to put his finger in the marks, he recognised Jesus who was resurrected. His statement "My Lord and My God" reveals his understanding of Jesus. He recognised Jesus not only as the master as he had before, but as GOD. It was a profound statement.

Thomas was not the only one who disbelieved Jesus. The others also did not understand his prediction. It was never heard of before. They witnessed the raising of Jairus' daughter, the widow's son at Nain and also Lazarus. Jesus did it. But Jesus, being the Messiah himself, who raised Him? We cannot blame them for not believing it. That was a mystery!! ◎


Bank of India
Relationship beyond banking
ബാങ്ക് ഓഫ് ഇന്ത്യ
യു.സി. കോളജ് ശാഖ, ആലുവ
ടെലഫോൺ : 0484 2603838, 2606491
Mob : 9496310982
താഴെക്കാണുന്ന നിക്ഷേപപദ്ധതികളും
വായ്പാ പദ്ധതികളും
ബാങ്കിൽ ലഭ്യമാണ്.
സേവിംഗ്സ് ബാങ്ക് നിക്ഷേപം
ഹ്രസ്വകാല/ദീർഘകാല
സ്ഥിരനിക്ഷേപങ്ങൾ
പ്രവാസി (NRE) നിക്ഷേപങ്ങൾ
റിക്കറിംഗ് നിക്ഷേപങ്ങൾ
ഇൻഷുറൻസ് പദ്ധതികൾ
സ്വർണ്ണനാണയങ്ങൾ
മുതിർന്ന പൗരന്മാർക്ക് കൂടുതൽ പലിശ
ATM, BTM, Net Banking സൗകര്യങ്ങൾ
ഭവന വായ്പ
വാഹന വായ്പ
വ്യാപാര വായ്പ
സ്വർണ്ണപ്പണയ വായ്പ
കാർഷിക വായ്പ
വിശദവിവരങ്ങൾക്ക് മാനേജരുമായി ബന്ധപ്പെടുക.

Editor's Note

# "KINGDOM OF GOD"

**by**

**Dr. T. JACOB JOHN, VELLORE.**

The enlightening series written by Dr. T. Jacob John has been concluded with Chapter 20 that appeared in the Church Weekly – 2023 March issue. The author is a renowned Virologist and former faculty member at the Christian Medical College, Vellore.

The subject 'Kingdom of God' alias 'Kingdom of Heaven' is normally poorly understood or misunderstood while its importance shall not be underestimated or cannot be over emphasized. The clinical precision, meticulous preparation and lucid presentation of the articles are the result of dedicated study and deep meditation.

We thank Dr. T. Jacob John for his priceless contribution. We also thank our esteemed readers for the profound appreciation accorded to the series.

- Chief Editor

## Glimpses of the Kingdom of God

| | | |
|---|---|---|
| 1. | Psalm 103:19 | *"The Lord has established his throne in heaven; and his kingdom rules over all."* |
| 2. | Mathew 5:3 | *"Blessed are the poor in spirit; for theirs is the Kingdom of Heaven."* |
| 3. | Mathew 7:20-21 | *"Not everyone who saith unto me, Lord shall enter the Kingdom of Heaven, but him that doeth the will of my father which is in heaven."* |
| 4. | John 3:3 | *"... Jesus declared "I tell you the truth, no one can see this Kingdom of God unless he is born again."* |

**Sadhu Sunder Singh:**


*"Wherever God is, there is heaven. God is present everywhere, therefore heaven is everywhere. God's true worshippers are happy everywhere, under all conditions, in pain or comfort, among friends or enemies, in this world and the world to come. They live in God, and this is the Kingdom of God."*

(From the book, '*Christ in Silence*', by C.F. Andrews. 1933).


IndusInd Bank
Enjoy
competitive
interest rates with us.
Open your IndusInd Bank
Fixed Deposit today
for higher returns.
ENJOY UP TO
7.50%* P.A.
8.25%* P.A.
Tenure: 2 years up to 3 years 3 months
*T&C apply

M.G. Kuruvilla





# Why Only A Donkey?

Once again I was in the Chapel, on the day before Good Friday, after celebrating the Pesaha Perunaal. I sat looking at the Crucifix, thinking about the Hosanna day – especially, why Jesus preferred the donkey for his triumphal entry into the Temple. (Matt. 21:2) As I was thus burning my brain, I felt a cool breeze and Jesus was standing beside me.

Js: *Today what is worrying you, my son?*

Me: *We just observed Hosanna, your triumphal entry into the Temple... But I was just wondering why my Lord selected a donkey for this journey... instead of a horse.*

Js: *You are right... I could have taken a horse... It would have been colourful and pompous... but then, the colour and pomp come from the horse...*

Me: *But you are the King... the three Magi asked Herod, 'where is he, born as King of the Jews'?*

Js: (laughing) *Yes... yes... on my cross also it was written 'Jesus, King of the Jews'...*

Me: *In the Temple, you had shown your authority by clearing the hoarders and merchants who had made it a den of thieves!*

Js: *So you want me to mount a horse or elephant rather than a poor donkey... (after a few moments of silence, Jesus continued)... Hope you remember the milestones in my life... When I was born, I selected a very simple woman to be my mother... I was born in a cattle shed and was placed in a manger... not in the palace of Herod... not even as Moses, taken to the palace of Pharaoh... When I was about to start my mission, Satan told me to jump from the top of the Temple to impress people, but I didn't... I was always with the oppressed, weak and meek... I befriended the sinners...*

Me: *Lord... all these are true but Hosanna is different... You were a totally different person...*

Js: *Hmmm... different... That is in action... If I had taken a horse, what is the difference between me and the proud? I wanted to show that a donkey, which is simple and looked down upon, can be the carrier of the King of Kings... It is not reserved for the horse... but you see the humble donkey does whatever its master wants it to do...*

Me: *Lord, this is beyond my comprehension...*

Js: *It is simple... Whether you are a donkey or a horse, when you are given a task, try to accomplish it... John, the Baptist, was given a mission... he did it... the apostles were assigned some duties... they did it even at the cost of their lives...*

Me: *Lord, there is one thing which other people might not have noticed, but which caught my attention...*

Js: *Oh, what is it?*

Me: *When you ordered to bring the donkey...*

Js: *No... No... Please don't say ordered... requested...*

Me: *Yes Lord, when you requested to spare the donkey, there was a colt with it... and you wanted the colt also to come with the donkey... how caring my Lord was...*

Js: *I care for the donkey and for the colt... the lost coin and the least coin... your hunger is my hunger... that is why I resurrected and promised to be with you till the end of the world... but I want you to keep the atmosphere fit for me to remain with you... Please be in the Church to celebrate my resurrection... Keep company with the resurrected Christ,... and with the weak and the neglected. I sat gazing at the crucifix for some more time...*

◎

April 2023/Church Weekly/RNI No. 3216/57
Registered No. KL/ALY/0029/2021-23
Licence No. KL/CR/ALY/WPP-01/2021-23
Licensed to Post Without Prepayment.

Price : Rs. 15/-
Vol. 78
Issue 4
Date of Publication : 15/4/2023

with best compliments from

MRF TYRES

**Tyres with Muscle**

124, Greams Road, Chennai - 600 006

Printed by KURUVILLA M. GEORGE, published by KURUVILLA M. GEORGE on behalf of the Alwaye Fellowship House Association, Aluva – 683102 and printed at the Alwaye Press, Friendship House, Aluva – 683101 and published at the Alwaye Fellowship House, U.C. College P.O., Aluva - 683102. Editor: KURUVILLA M. GEORGE